KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION


little KITEs

ലിറ്റിൽ  കൈറ്റ്സ്  2018 -19

# അതിജീവനം

## ഡിജിറ്റൽ മാസിക

## എ.എം.എം.എച്ച്.എസ്സ്.എസ്സ് ഇടയാറന്മുള



# അതിജീവനം

## ഡിജിറ്റൽ മാസിക 2018-19



## എ.എം.എം.എച്ച്.എസ്സ്.എസ്സ്

## ഇടയാറന്മുള

### ഒരു ലിറ്റിൽ കൈറ്റ്സ് സംരഭം




അന്നമ്മ നൈനാൻഎം

ഹെഡ്മിസ്ട്രസ്

# ചീഫ് എഡിറ്ററുടെ സന്ദേശം

ഇടയാറന്മുള എ.എം.എം.ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയതിൽ അതിയായ സന്തോഷമുണ്ട്. അതിലൂടെ നമ്മുടെ സ്കൂളിലെ അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും സർഗത്മക കഴിവുകൾ വികസിപ്പിക്കുവാൻ സാധിക്കട്ടെ.... എല്ലാവിധ ആശംസകളും നേരുന്നു.



ഹെഡ്മിസ്ട്രസ്

എ.എം.എച്ച്.എസ്.എസ്

ഇടയാറന്മുള




ആശ പി മാത്യു
കൈറ്റ് മിസ്ട്രസ്

# സ്റ്റാഫ് എഡിറ്ററുടെ സന്ദേശം

**എ.എം.എം.ഹയർ സെക്കന്ററി സ്കൂൾ ഇടയാറന്മുള 2018-19 അധ്യയന വർഷത്തിലെ ലിറ്റിൽ കൈറ്റ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ "അതിജീവനം" എന്ന പേരിൽ ഒരു ഡിജിറ്റൽ മാസിക പ്രസിദ്ധീകരിക്കുന്നു. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പ്രളയാനുഭവ സൃഷ്ടികൾ പ്രകാശിപ്പിക്കുന്നതിന് ഈ സ്മരണിക വേദി ഒരുക്കും എന്ന് പ്രതീക്ഷിക്കുന്നു. ഒരു മഹാദുരന്തത്തിന്റെ മുമ്പിൽ നിന്ന് ജീവിതത്തിലേക്ക് തിരികെ നടന്നവരാണ് നാം . ജീവൻ മാത്രം ബാക്കിയാക്കി സർവ്വ നാട്ടും ജലം കവർന്നത് നോക്കി നിന്നവർ ..... ഒരായുസിന്റെ സ്വപ്നങ്ങളും നേട്ടങ്ങളും പിന്നിൽ ഉപേക്ഷിച്ച് ജീവനു വേണ്ടി കൊതിയോടെ കെഞ്ചിയവർ . എന്നാൽ ആ മഹാ പ്രളയത്തിനു വെറും 100 ദിവസങ്ങൾക്കിപ്പുറം നാം വീണ്ടും ജീവിതം കരുപ്പിടിപ്പിക്കാനാരംഭിച്ചിരിക്കുന്നു. അതിജീവനത്തിന്റെയും ശുഭാപ്തി വിശ്വാസത്തിന്റെയും പുത്തൻ മാതൃകയായി, ഈ പ്രളയദിനങ്ങളിൽ ദുരിതക്കയം താണ്ടി കടന്നവരാണ് നമ്മുടെ വിദ്യാർത്ഥികൾ കളിചിരികളുടെ ദിവസങ്ങൾക്കിടയിൽ നിന്ന് ഭീതിയുടെയും അരക്ഷിതാവസ്ഥയുടെയും വേദനകളിലേക്ക് വീണു പോയവർ. എങ്കിലും തങ്ങളുടെ സർഗശക്തിയും കലാവാസനയും കോട്ടം തട്ടിയിട്ടില്ല എന്ന് തെളിയിക്കുകയാണ് അവർ ഈ മാഗസീനിലൂടെ. പ്രളയത്തിനും പേമാരിക്കും തച്ചുടയക്കനാവാത്ത ഈ കൊച്ചു കേരളത്തിന്റെ നവനിർമിതിയിൽ തങ്ങൾക്കും പലതും ചെയ്യാനുണ്ട് എന്ന ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ പുത്തൻ ചുവടുവയ്പ്. ഈ ഉദ്യമത്തിന് എല്ലാവിധആശംസകളും നേരുന്നു.**

**എ.എം.എം.എച്ച്.എസ്സ്.എസ്സ്**



അച്ചു രാജേഷ് 9B

# എഡിറ്ററുടെ വാക്കുകളിലൂടെ

ലിറ്റിൽ കൈറ്റ്സ് സ്കൂൾ മാഗസിൻ എഴുതുന്നതിന് കാരണം കേരളത്തിനെ കൂരിരുട്ടിലാക്കിയ മഹാപ്രളയത്തിനെ ആസ്പദമാക്കിയാണ്. ഈയൊരു സ്കൂൾ മാഗസിൻ നിരവധി വ്യക്തികളുടെ പ്രയത്നത്തിനു ഫലമായിയാണ്. ജെബിസാറും ആഷടിച്ചറുമാണ് (കൈറ്റ് മാസ്റ്റർ&കൈറ്റ് മിസ്ട്രസ് )കുട്ടികളായ ഞങ്ങളെ നയിച്ചത്. കുട്ടികളുടെ അനുഭവങ്ങളും അഭിപ്രായങ്ങളും ഇതിലെ ഉള്ളടക്കമൊണ്.ഞാനും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കുട്ടികളും ഇതിൽ പങ്കുവഹിച്ചിട്ടുണ്ട്.വിവരങ്ങൾ ശേഖരിക്കുവാനും,ടൈപ്ചെയ്യുവാനും, എഡിറ്റ് ചെയ്യുവാനും കൈറ്റ്സ് അംഗങ്ങളെ തരം തിരിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ചെയ്യുന്നതി ലൂടെ കുട്ടികളുടെ കംപ്യൂട്ടർ വിജ്ഞാനം വർധിക്കുന്നു. ഇത് ഒരാൾക്ക് ഒറ്റയ്ക്ക് ചെയ്യുവാൻ ബുദ്ധിമുട്ടുണ്ട്. എന്നാൽ അംഗങ്ങളെല്ലാവരും കൂടി ഒരുമിച്ച് ചെയ്യുകയാണെങ്കിൽ പ്രവർത്തനങ്ങൾ എളുപ്പവും രസകരവുമായിരിക്കും. എന്റെ എല്ലാവിധ ആശംസകളും നേരുന്നു.

## ഉള്ളടക്കം

ചീഫ് എഡിറ്ററുടെ സന്ദേശം....3
....5
എഡിറ്ററുടെ വാക്കുകളിലൂടെ....5
....5
....8
മനുഷ്യമനസ്സിനെ തകർത്ത മഹാദുരന്തം....8
പ്രളയം നൽകുന്ന പാഠങ്ങൾ ?....9
ഇനിയും വരില്ലേ!....11
....13
....13
പ്രളയം....13
....15
എന്താണ് വെള്ളപ്പൊക്കം?....16
പമ്പാ നദിയുടെ സ്വാതന്ത്ര്യദിനം....19
....21
കേരള പ്രളയം....21
....22
എല്ലാം നീ സ്വന്തമാക്കി....23
പ്രളയം പഠിപ്പിച്ച പാഠങ്ങൾ....25
....25
....26
അനുഭവക്കുറിപ്പ്....26
പ്രളയം 2018....28
കേരളത്തെ വിഴുങ്ങിയ പ്രളയം....31
എന്റെ പ്രളയാനുഭവം....32
നാടെല്ലാം വെള്ളത്തിൽ....33
പ്രളയകേരളം- ചിതറിത്തെറിച്ച ചിന്തകൾ....36
പ്രളയം 2018....39
പ്രളയം - 2018....41
കേരളം അതിജിവനത്തിന്റെ പാതയിൽ....43
പ്രളയം....47
പ്രളയത്തിൽ ആശ്വാസമായി വന്നവർ....48
....52
....52
2018 ആഗസ്റ്റ് 15....52
....54
മഹാപ്രളയം - 2018....54
....55

അതിജീവനം


പ്രളയാനുഭവം..........55
പ്രളയക്കാല അനുഭവങ്ങൾ- 2018..........56
..........57
*സാന്ദ്ര സാറാ ബോബി*..........57
കവിത..........59
കേരളം ഇന്ന് അതിജീവനത്തിന്റെ പാതയിൽ..........63
..........66
അഭിമുഖം..........67
പ്രളയ ചിത്രങ്ങൾ..........72
അനുഭവക്കുറിപ്പ്..........73
കടപ്പാട്..........75



അഭിരാമി എസ്സ്

8A

# മനുഷ്യമനസ്സിനെ തകർത്ത മഹാദുരന്തം

**സംസ്ഥാനത്തെ ആകെ ഭീതിയിൽ ആഴ്ത്തികൊണ്ട് ഓഗസ്റ്റ് മാസം 15-ാം തീയതി ഡാമുകൾ തുറക്കുന്നു എന്ന വാർത്തയോടെയാണ് ആരംഭം. അന്ന് വൈകുന്നേരത്തോടെ പത്തനംതിട്ട ജില്ലയിലെ ആറന്മുള എന്ന പ്രദേശം വെള്ളത്തിൽ ആകുന്നതായി കാണപ്പെട്ടു. അതിനു ശേഷം അതിഭീകരമായ മഴ കൂടുതൽ പ്രദേശത്തേക്ക് വെള്ളത്തിന്റെ ഒഴുക്ക് ഉണ്ടാക്കുമോ എന്ന കാര്യത്തിൽ ഭീതി ഉണർത്തുകയും ചെയ്തു. ആറന്മുളയുടെ ഏറിയ ഭാഗവും വെള്ളത്തിലാകുകയും ചെയ്തു. സാധാരണക്കാരും സാമ്പത്തികമായി മുന്നോട്ടുനിൽക്കുന്നവരും ആയ എല്ലാ വിഭാഗത്തിൽ ഉള്ളവരേയും പ്രളയം ഒരു പോലെ ബാധിച്ചു. വെള്ളം കയറിയ പ്രദേശങ്ങൾ  ഒരു ദുരന്ത ഭൂമിയായി മാറിയ കാഴ്ച ഓർക്കാവുന്നതിലും അപ്പുറമായിരുന്നു.**

- **പ്രളയത്തിൽ പൊലിഞ്ഞ ജീവനുകൾ**

**നമുക്ക് വേണ്ടപ്പെട്ട  ഒരുപാട് ജീവനുകൾ പ്രളയത്തിൽ മരണം അടഞ്ഞു. പ്രായം ചെന്നവരും, ചെറിയ കുഞ്ഞുങ്ങളും അടക്കം ഒരുപാട് പേർ നമ്മെ വിട്ട്, ഈലോകത്തെ തന്നെ വിട്ട് പോയി. പ്രളയത്തിൽപ്പെട്ടവരെ രക്ഷപ്പെടുത്തുന്ന പ്രവർത്തനത്തിനിടയിൽ എത്ര പേരുടെ ജീവനുകൾ നഷ്ടപ്പെട്ടുപോയി. എന്നിട്ടും അതിനെ അതിജീവിച്ച് കൊണ്ട് എത്ര നല്ല മനുഷ്യർ രക്ഷാപ്രവർത്തനം ചെയ്യുകയുണ്ടായി.**



അഭിരാമി  കെ നായർ

9 C

# പ്രളയം നൽകുന്ന പാഠങ്ങൾ ?

മലയാളക്കരയിലെ ആയിരങ്ങൾ മനംനൊന്ത് നിലവിളിച്ച നിമിഷങ്ങൾ. താഴ്ന്നപ്രദേശങ്ങളിൽ ജലപ്രളയം നൃത്തമാടി. ദേശമെങ്ങും നിലവിളി ഉയർന്നു .

ഒരിക്കലും വെള്ളം കയറില്ലെന്ന് തറപ്പിച്ച് പറഞ്ഞിരുന്ന സ്ഥലങ്ങളിൽ കണക്കുകൂട്ടലുകൾ തകിടം മറിച്ച് വെള്ളം ഇരമ്പിയെത്തി. ഒരു നിലയുള്ളവർ രക്ഷപ്പെട്ടു.രണ്ടു നിലയുള്ളവർ മുകളിൽ കുടുങ്ങി. ദിവസങ്ങളോളം കുടിവെള്ളത്തിനും ആഹാരത്തിനും വലഞ്ഞു. കൈക്കുഞ്ഞുങ്ങളും,വാർധക്യം ചെന്നവരും രോഗികളും എന്നിങ്ങനെ അവശരും ക്ഷീണിതരും ഓടിരക്ഷപ്പെടാൻ കഴിയാതെ പകച്ചുനിന്നു.നാവികസേനയുടെ ഹെലികോപ്റ്റർ പലരേയും രക്ഷപ്പെടുത്തി. മത്സ്യത്തൊഴിലാളികൾ അവരവരുടെ വള്ളങ്ങളിൽ 70,000 ത്തിലധികം ആളുകളെ രക്ഷിച്ചു. പെരുവെള്ളം ഇരച്ചുകയറിയപ്പോൾ അതിനൊപ്പം സ്വദേശത്തും വിദേശത്തുമായി ആയിരങ്ങളുടെ മനസ്സിൽ ആധിയും വേവലാതിയും ഇളകിമറിഞ്ഞു. ആറും തോടും റോഡും ഒരുപോലെയായി. ആരും കയറാതെ കെട്ടിയ മതിൽക്കെട്ടുകൾ വെള്ളം തകർത്തെറിഞ്ഞു. രക്ഷാപ്രവർത്തനം ധ്രുതഗതിയിലായി.

സോഷ്യൽ മീഡിയയിൽ പലരും നിർദ്ദേശങ്ങൾ കൈമാറി. ഇലക്ട്രിസിറ്റി ഇല്ലാതായതും ഫോൺ സന്ദേശം നിശ്ചലമായതും പലർക്കും ഇരുട്ടടിയായി. ജാതിയും മതവും വർഗവും നോക്കാതെ പലരും പലരും രക്ഷകരായി വെളിപ്പെട്ടു.

അതിജീവനം

**യഥാർത്ഥ സ്നേഹം ആരുടെയെല്ലാം ഉള്ളിലുണ്ടെന്ന് പ്രളയം നമ്മെ പഠിപ്പിച്ചു.**

**രാവും പകലും മറ്റുള്ളവർക്കുവേണ്ടി സഹായഹസ്തം നീട്ടുവാൻ ഓടിനടന്നവർ പലരും ഓർമ്മകളുടെ സ്മൃതിപഥങ്ങളിൽ മായാതെ നിലനിൽക്കുന്നു. വൈദ്യുതി ഇല്ലാതെയും ഫോൺ ഉപയോഗിക്കാതെയും കിട്ടുന്ന ആഹാരം പങ്കുവച്ചുകഴിക്കാനും പ്രളയം നമ്മെ പഠിപ്പിച്ചു. പണത്തിനും പ്രതാപത്തിനും സുഖസൗകര്യത്തിനും ചില നിർണായകഘട്ടങ്ങളിൽ രക്ഷിക്കാൻ കഴിയില്ലെന്നും മനസ്സിലാക്കിത്തന്നു.**

**പ്രകൃതിയുടെ വ്യവസ്ഥകളെ വെല്ലുവിളിച്ച് മണ്ണും കല്ലും വിറ്റ് പുഴകളും തോടുകളും വനങ്ങളും കൈയ്യേറി അനധികൃത നിർമ്മാണങ്ങൾ നടത്തി. നെൽപാടങ്ങൾ നികത്തി വൻകിട ഫ്ളാറ്റുകൾ നിർമ്മിച്ചു. പ്രകൃതി പ്രതികരിക്കാൻ തുടങ്ങി. ഇതിന്റെയെല്ലാം പ്രത്യാഘാതങ്ങൾ എന്താണെന്ന് പ്രളയം പഠിപ്പിച്ചു.പണമുള്ളതിന്റെ അഹന്തയും പാവപ്പെട്ടവനോടുള്ള പുച്ഛവും പാടില്ലെന്നുള്ള നഗ്നസത്യം അത് നമ്മെ പഠിപ്പിച്ചു. ചെങ്ങാടം കൊണ്ടുവന്നു രക്ഷപ്പെടുത്താൻശ്രമിക്കുമ്പോൾ ഞങ്ങൾ വരുന്നില്ലെന്ന് പറഞ്ഞവരും ഇല്ലാതില്ല. ജീവനും കൊണ്ട് രക്ഷപ്പെടാൻ പറയുമ്പോൾ തങ്ങളുടെ സമ്പാദ്യത്തെ വിട്ട് പോകുവാൻ മടിക്കുന്നവരാണ് അധികവും. ഒരു ദിവസം ഈ ലോകത്തിലെ സകല സമ്പത്തുകളും ഉപേക്ഷിച്ച് നാം പോകേണ്ടിവരുമെന്നു പ്രളയം നമ്മെ പഠിപ്പിച്ചു. മുന്നറിയിപ്പുകൾ പലതും ലഭിച്ചപ്പോൾ അതിനുവില കല്പിക്കാതെ പോയവർ വില കൊടുക്കേണ്ടിവരുന്നു. സ്നേഹബന്ധങ്ങളും അനിവാര്യമാണെന്ന് മനസ്സിലായി. മാതാപിതാക്കളെ നിഷ്കരുണം വീട്ടിൽ നിന്ന് തള്ളിപ്പുറത്താക്കിയവർ വെള്ളം കയറിയപ്പോൾ അതേ വീട്ടിൽ നിന്നും ഓടിപ്പോകേണ്ടി വന്നു. ഇരുവരും ഒരേ ക്യാമ്പുകളിൽ കഴിഞ്ഞു. ക്ഷമിക്കാനും പൊറുക്കാനും സഹായിക്കാനും പഠിപ്പിച്ചു.**

**സ്നേഹത്തിന്റെ ഗഗനനീലിമയും കാരുണ്യത്തിന്റെ കുളിർകാറ്റും ജീവിതത്തിൽ തൊട്ടറിഞ്ഞ നിമിഷമായിരുന്നു അത്. പ്രളയം നൽകിയ പാഠങ്ങൾ ഉൾക്കൊണ്ട് ജീവിതത്തെ ക്രമീകരിക്കുവാൻ നമുക്കെല്ലാവർക്കും സാധിക്കട്ടെ.**

**എ.എം.എം.എച്ച്.എസ്സ്.എസ്സ്**



സിദ്ധാർത്ത് സി ആർ

9B

# ഇനിയും വരില്ലേ!

പ്രളയം പ്രളയം മഹാപ്രളയം

കേരളം കണ്ടൊരു മഹാപ്രളയം

കേരളം തകർത്തൊരു മഹാപ്രളയം.

പ്രളയത്തിലൊഴുകി മനുഷ്യനും ജീവനും

കൂട്ടത്തിലൊഴുകി സ്വത്തും അധ്വാനവും

പ്രളയം വന്നെത്തിയ നിമിഷമതാ,എന്റെ

മിഴികൾ നിറഞ്ഞു,ഞാനറിയാതെ തേങ്ങി.

പ്രളയത്തിൽ കേരളനാടെന്ന "പറുദീസ"

കടൽപോലെയൊഴുകി,ആർത്തിരമ്പി

മലയാള നാട്ടിലെ പ്രളയ വാർത്ത,ഈ

ലോകം മുഴുവനും കേട്ടുനിന്നു.

പ്രളയത്തെക്കുറിച്ച് ഞാനോർത്തിടുമ്പോൾ

ആദ്യമായെത്തുന്ന ക്യാമ്പുകളിൽ,

ഹിന്ദുവും ക്രിസ്ത്യനും മുസ്ലീങ്ങളും

സോദരരായ് തീർന്നൊരു നിമിഷങ്ങളും

**ലോകത്തിലേറ്റവും ശ്രേഷ്ഠമായുള്ളത്,മർത്ത്യ-**

**ജന്മമാണെന്നറിഞ്ഞ നിമിഷങ്ങളും,**

**മനുഷ്യർ മനുഷ്യരെ തിരിച്ചറിഞ്ഞ**

**അ പ്രളയദിനത്തെ മറക്കില്ല ഞാൻ.**

**ഒരുപാട്ട ഹ്രദയങ്ങളെ തേങ്ങിക്കരയിച്ച**

**പ്രളയമേ,നിന്നൊടപേക്ഷിക്കുന്നു ഞാൻ**

**“ഇനിയും വരല്ലേ ഈ കേരളത്തെ-**

**ക്കൊല്ലും കൊലയാളിയായി,കാലനായി.”**



ആദിത്യ അജികുമാർ

# പ്രളയം

**ഇടിയും മിന്നലും പേമാരിയും പ്രളയമായ്.**

**ഉരുൾപൊട്ടലും കണ്ണീരും കൈയുമായ്,പ്രളയംമാടി-**

**ത്തിമിർത്തപ്പൊൾ സർവ്വരും പേടിച്ചരണ്ടുപോയ്-**

**മാറത്തലച്ചുപ്പോയ്.പ്രളയം സംഹാരതാണ്ടവമാടിയപ്പോൾ.**

**കണ്ണിരും കയ്യുമായ് മാറത്തലച്ച-**

**കരഞ്ഞീടും ഞങ്ങൾ കുറേ**

**മനുഷ്യക്കോമരങ്ങൾ.**

**ഈ പ്രളയക്കെടുതിയിൽ ഞാനുമെൻ-**

**കൈകോർക്കുന്നത്.**

**എല്ലാ പ്രളയത്തിൻ തീരാ ദുഃഖം.**

**കൂട്ടുകാരും പേടിച്ചരണ്ടപ്പോൾ അതു-**

**കണ്ടു നീ എന്തിനുറിച്ചു?**

**തീക്കനലായി ഞങ്ങൾതൻ മുമ്പിൽ വന്നു നീ**

അതിജീവനം

**ആടിത്തിമിർത്തപ്പോൾ,നഷ്ടസ്വപ്നങ്ങളും**

**ഭീതിയും മാത്രമായ് എവിടെയും മുഴങ്ങി**

**കുഞ്ഞുങ്ങൾ തൻ നിലവിളി**

**ഉറ്റവരുടെ നഷ്ടനൊമ്പരങ്ങൾ**

**ഉടുതുണിക്ക് മറുതുണിയില്ലാത്തവർ,**

**ഒരു നേരത്തെ ആഹാരമില്ലാത്തവർ**

**വീടു നഷ്ടപ്പെട്ടവർ,പാതിമറഞ്ഞ**

**വീടുമാത്രമുള്ളവർ എല്ലാം**

**പ്രളയത്തിൻ ചെയ്തികൾ.**

**രോഗിയും,ഇല്ലാത്തവനും,ഉള്ളവനും**

**ഉയർന്ന ജാതിയും,താഴ്ന്ന ജാതിയും**

**ഒരു കുടക്കീഴിൽ ഉള്ളത്കൊണ്ടു-കഴിഞ്ഞുകൂടി.**

**പ്രളയത്തിൻ ശേഷിപ്പുകൾ മൊഴിഞ്ഞു**

**എല്ലാം മനുഷ്യർ തൻ കർമ്മഫലം.**

**ഇനിയൊന്നാണ് നവകേരളത്തിനായ് ഒന്നായ്**

**കൈകോർക്കുന്നത്.**

**എല്ലാ പ്രളയത്തിൻ തീരാ ദുഃഖം.**

**എ.എം.എം.എച്ച്.എസ്സ്.എസ്സ്**



ആൽബിൻ സി അനിയൻകുഞ്ഞ്

9B

# എന്താണ് വെള്ളപ്പൊക്കം?

**ന്യൂനമർദ്ദം കാരണമായി അധിക മഴ ലഭിക്കുകയും,ഡാമുകൾ കവിഞ്ഞുതുറന്നുവിടുകയും അനന്തരഫലമായി നദി കരകവിഞ്ഞ് ഒഴുകുകയും താണപ്രദേശങ്ങളിലേക്കും, ജലാശയവുമായി അടുത്തുകിടക്കുന്ന പ്രദേശ-ങ്ങളിലേക്കും വെള്ളം ഇരച്ചു കയറുന്ന പ്രതിഭാസമാണ് വെള്ളപ്പൊക്കം.**

- **വെള്ളപ്പൊക്കത്തിനിടയായ കാരണങ്ങൾ?**

**നീണ്ടുനില്ക്കുന്ന മഴ – തുടർച്ചയായ മഴ നദിയുടെ കരകളിലെ മണ്ണ് കുതിരുന്നതിനു ഇടയാക്കുന്നു ഇതുമൂലം മണ്ണിന്റെ വെള്ളം വലിച്ചെടുക്കാൻ ഉള്ള ശേഷി കുറയുകയും ചെയ്യുന്നു.പിന്നെയും മഴ കൂടുമ്പോൾ ആ വെള്ളം മണ്ണിനു വലിച്ചെടുക്കാൻ ആവാതെ അതു കരയിലേക്കു ഒഴുകുന്നു.**

**കനത്ത മഴ - കനത്തമഴയാണെങ്കിൽ ആ വെള്ളം മണ്ണിനു വലിച്ചെടുക്കാൻ പറ്റാതാവുകയും ഈ വെള്ളം നദിയിൽ ചെന്നു ചേരുകയും നദി കരകവിഞ്ഞു ഒഴുകുകയും ചെയ്യുന്നു.**

**വനനശീകരണം - മരങ്ങളും ചെടികളും വെള്ളത്തെ വലിച്ചെടുക്കുന്നു, ധാരാളം സസ്യജാലങ്ങൾ വെള്ളപ്പൊക്കത്തിന്റെ അപകടസാധ്യത കുറയ്ക്കുന്നു. ചിലപ്പോളൊക്കെ വനനശീകരണവും വെള്ളപ്പൊക്കത്തിനു ഇടയാക്കുന്നു.**

**നഗരവത്കരണം - നഗരവത്കരണത്തിലൂടെ മരങ്ങൾ വെട്ടിനശിപ്പിക്കുകയും കെട്ടിടങ്ങൾ കെട്ടിപ്പൊക്കുകയും ചെയ്യുന്നു ഇതിലൂടെ പ്രകൃതിയുടെ സന്തുലിതാവസ്ഥ തകരാറിലാകുന്നു. ടാർമാക്, കോൺക്രീറ്റ്, എന്നിവ വെള്ളത്തിന്റെ ഒഴുക്ക് കൂട്ടാൻ സഹായിക്കുന്നു.**

- **പ്രളയ ബാധിത പ്രദേശങ്ങൾ**

**ചെങ്ങന്നൂർ**

**ഇടനാട്**

**ആറന്മുള**

**കോഴഞ്ചേരി**

**അയിരൂർ**

**റാന്നി**

**പന്തളം**

**കുട്ടനാട്**

**ആലുവ**

**ചാലക്കുടി**

**വയനാട്**

**പാണ്ടനാട്**

**തൃശ്ശൂർ**

**ഇടുക്കി**

**കോട്ടയം**

- **നഷ്ടങ്ങൾ**

**2018 ആഗസ്റ്റ് 1 മുതല് 19 വരെ കേരളത്തിൽ പെയ്തിറങ്ങിയത് 758.6 മില്ലിമീറ്റർ മഴ ആണ്.സാധാരണ ഗതിയിൽ ഈ സമയത്ത് ലഭിക്കേണ്ട മഴ 287.5 മില്ലിമീറ്റർ മാത്രം. 164% അധികം മഴ കേരളത്തിനു മേൽ വർഷിച്ചതോടെ ഇന്നേവരെ കാണാത്ത പ്രളയദുരിതത്തിനാണ് സംസ്ഥാനം സാക്ഷ്യം വഹിച്ചത്.എട്ടു ലക്ഷത്തിലേറെ ആളുകളാണ് ദുരിതാശ്വാസ ക്യാംപുകളിൽ അഭയം തേടിയെത്തിയത്.ആഗസ്റ്റിൽ മാത്രം 300 ലേറെ മരണമുണ്ടായി. അരലക്ഷത്തിലേറെ ഹെക്ടറിലെ കൃഷി നശിക്കപ്പെട്ടു. പതിനായിരക്കണക്കിനു**

**വീടുകൾ നിലംപതിച്ചു. ചില വീടുകൾ പൂർണ്ണമായും ചില വീടുകൾ ഭാഗികമായും തകർന്നു. വീട്ടുപകരണങ്ങളൾ പൂർണ്ണമായും നഷ്ടമായി.പല വീടുകളിലേയും കിണറുകളിലെ ജലം ഉപയോഗ ശൂന്യമായി. പഠിക്കുന്ന കുട്ടികളുടെ പഠനോപകരണങ്ങൾ പൂർണ്ണമായും നശിച്ചു.**

**പലർക്കും കന്നുകാലികൾ നഷ്ടമായി.ഏറ്റവും വലിയ പ്രളയ ദുരന്തമായിരുന്നു വീടുകളിൽ നിറഞ്ഞ ചെളിയും മണ്ണും. പല പല സസ്യജാലങ്ങളും പ്രളയ ശേഷം കാണാതെയായി.**



ആൽഫ സി അനിയൻകുഞ്ഞ്

10 B

# പമ്പാ നദിയുടെ സ്വാതന്ത്ര്യദിനം

(ആഗസ്റ്റ് 15 2018)

2018 ആഗസ്റ്റ് 15 പമ്പാ നദി സ്വതന്ത്രമായ ദിവസം ആരും പ്രതീക്ഷിച്ചിരുന്നില്ല പ്രകൃതിയുടെ ഈ ഭാവമാറ്റം. സ്വാതന്ത്ര്യ ദിനത്തിനു പ്രകൃതി മലയാളികൾക്കു നൽകിയ സ്വാതന്ത്ര്യ ദിന സമ്മാനം. ജാതി,മതം,വർഗ ഭേതങ്ങളില്ലാതെ മലയാളിയൊന്നടങ്കം അനുഭവിക്കേണ്ടി വന്ന ദുരിത പൂർണ്ണമായ കുറേ ദിനങ്ങൾ. 2018 ആഗസ്റ്റ് 15 പമ്പാ നദി സ്വതന്ത്രമായ ദിവസം ആരും പ്രതീക്ഷിച്ചിരുന്നില്ല പ്രകൃതിയുടെ ഈ ഭാവമാറ്റം. സ്വാതന്ത്ര്യ ദിനത്തിനു പ്രകൃതി മലയാളികൾക്കു നൽകിയ സ്വാതന്ത്ര്യ ദിന സമ്മാനം. ജാതി,മതം,വർഗ ഭേതങ്ങളില്ലാതെ മലയാളിയൊന്നടങ്കം അനുഭവിക്കേണ്ടി വന്ന ദുരിത പൂർണ്ണമായ കുറേ ദിനങ്ങൾ. അപ്രതീക്ഷിതമായി കടന്നു വന്ന പേമാരിയും കാറ്റും മനുഷ്യമനസ്സിനെ വല്ലാതെ പിടിച്ചു കുലുക്കി.

ഒരു മനുഷ്യായിസ്സു മുഴുവൻ സമ്പാധിച്ചതെല്ലാം സകലവും പ്രകൃതി കൊണ്ടുപോയപ്പോൾ ജീവൻ തിരിച്ചുകിട്ടിയല്ലോയെന്ന് എന്നോർത്ത് പലരും സമാധാനിച്ചു. എന്നാൽ ചിലർക്ക് അതൊരു തീരാനഷ്ടമായി മാറുകയും ചെയ്തു. ഉയർന്നവനെന്നോ താഴ്ന്നവനെന്നോ വ്യത്യാസമില്ലാതെ എല്ലാവരും ഒരുപോലെ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞ ദിനങ്ങൾ. ചുറ്റിനും ജലമായിരുന്നിട്ടും മലയാളികൾ ഒരിറ്റു ദാഹജലത്തിനായി പരക്കം പാഞ്ഞ ദിനങ്ങൾ. ആരൊ എവിടെനിന്നൊ കൊണ്ടുവരുന്ന പൊതിച്ചോറുകൾ സന്തോഷത്തോടും

അതിജീവനം

**നിറഞ്ഞമനസ്സോടും വാങ്ങി ഭക്ഷിക്കുന്ന മലയാളിയുടെ ചിത്രം ഒരിക്കലും മറക്കാൻ കഴിയില്ല.പ്രകൃതിയെ നോവിച്ച മനുഷ്യർക്ക് പ്രകൃതി നൽകിയ ഒരു മുന്നറിയിപ്പ് മാത്രമാണ് ഈ ജലപ്രളയം. മലയാളി മനസുകൾ ഒരുപോലെ പ്രവർത്തിച്ചു, ഒരു മനസ്സോടെ ജാതിയെന്നോ മതമെന്നോ രാഷ്ട്രീയ വിവേചനങ്ങളെ ഇല്ലാത്ത ഒരു മനസ്സൊടെ പ്രവർത്തിച്ച ദിനങ്ങളായിരുന്നുവത്.**

**നമ്മളെ ഓരോരുത്തരെയും രക്ഷിക്കുന്നതിനായി പ്രയത്നിച്ച കുറെ നല്ല മലയാളി മനസുകളുണ്ട്. നമ്മെ ഓരോരുത്തരെയും രക്ഷിക്കുന്നതിനുവേണ്ടി സ്വന്തം ജീവൻ നൽകിയ കുറെ നല്ല മനുഷ്യർക്ക് മുൻപിൽ പ്രണാമം ഏകുന്നു. അതുപോലെ തന്നെ സർക്കാർ ചെയ്ത സേവനങ്ങളും വളരെ വലുതാണ് .പാഠപുസ്തകങ്ങളും, വസ്ത്രങ്ങളും, ആഹാരസാധനങ്ങളും പ്രളയ ദുരിതർക്ക് നൽകി.**

**രാഷ്ട്രം 71-ാം സ്വാതന്ത്ര്യദിനം ആഘോഷിച്ചപ്പോൾ കേരളത്തിൽ ഒരു പറ്റം ജനങ്ങൾ ജീവനുവേണ്ടി പോരാടുകയായിരുന്നു. മറ്റു ചിലർ ജീവൻ രക്ഷിക്കുന്നതിനുവേണ്ടിയും. ദുരിതാശ്വാസ ക്യാമ്പുകളും മറ്റു വിശ്രമ സ്ഥലങ്ങളും ഗാനങ്ങൾ ആഘോഷപൂർണമാക്കി. അതുപോലെതന്നെ ഓണം അവർ ഒരുമിച്ചു ആഘോഷിച്ചു. ഈ ഓണം ജാതിയെന്നൊ, മതമെന്നൊ, വലിയവനെന്നൊ, ചെറിയവനെന്നൊ ഇല്ലാതെ മനുഷ്യൻ ഒരുമിച്ച് കൊണ്ടാടി ഒരുമയുടെ ഓണമായിരുന്നു 2018-ലെ ഓണം.**

**മലയാളിക്ക് മറക്കാൻ ആഗ്രഹിക്കുന്ന എന്നാൽ ഒരിക്കലും മറക്കാൻ പറ്റാത്ത ഒരു അനുഭവമായിരുന്നു ജലപ്രളയം. മനുഷ്യമനസിൽ ഭീതിയുണർത്തിയ ദിനമായിരുന്നു 71-ാം സ്വാതന്ത്രദിനം. മലയാളിക്ക് മറക്കാൻ കഴിയാത്ത സ്വാതന്ത്ര്യദിനം. 2018 ആഗസ്റ്റ് 15 പമ്പാനദിയും പ്രകൃതിയും ഒരുപോലെ സ്വതന്ത്രമായ ദിവസം.**

**എ.എം.എം.എച്ച്.എസ്സ്.എസ്സ്**



അനാമിക സുനിൽ

7A

# കേരള പ്രളയം

2018 15-നാണ് വെള്ളപ്പൊക്കത്തിന്റെ തുടക്കം കേരളസമൂഹത്തിൽ ദുഃഖം നിറച്ച ഈ വെള്ളപ്പൊക്കം നമ്മളെയും വല്ലാതെ തളർത്തിയിരുന്നു. വെള്ളപ്പൊക്കത്തിൽ നമ്മെ സഹായിച്ച മത്സ്യത്തൊഴിലാളികൾ, നാട്ടുകാർ, നേവി ഇവരെല്ലാം നമുക്കു തുണയായിരുന്നു.2000-ത്തിലെ ആ വെള്ളപ്പൊക്കം നമ്മുടെ മനസ്സിൽ മായാത്ത അനുഭവമായിരുന്നു. ഗവൺമെന്റ് നമുക്ക് പല സഹായങ്ങളും തന്നു. വെള്ളപ്പൊക്കത്തിൽ വീടു പോയവർക്ക് ക്യാമ്പ് നൽകി അവരെ പരിപാലിച്ചു. വെള്ളപ്പൊക്കം കഴിഞ്ഞപ്പോൾ അവർ നമുക്കുവേണ്ടി പഠിക്കാനുള്ള ഉപകരണങ്ങൾ നൽകി. നമുക്കു വേണ്ട എല്ലാ സപ്പോർട്ടും ഗവൺമെന്റ് നൽകി.



അർച്ചന അനിൽ

12 സയൻസ് – A

# എല്ലാം നീ സ്വന്തമാക്കി

പറയാതെ വന്നെന്റെ അരിക്കത്തു നിന്നത്
അറിയുമോ എന്നൊരു പതിവു ചോദ്യം
അകലത്തു നിന്നാണോ അരികത്തു നിന്നാണോ
ഇടവിട്ടു നീ ഇങ്ങനെ വരാറുള്ളത്.

ചെറുചെറു പാട്ടുപോൽ ആദ്യം പൊഴിഞ്ഞു നീ
പിന്നീട്ടു പേമാരി ആയിമാറി
അന്തിച്ചു നിന്നവർ ചുട്ടുവിരൽ തന്റെ
ചുണ്ടോടു ചേർത്ത് അമർത്തി നിന്നു.
കണ്ണൊന്നു മൂടിതുറക്കുമ്പോഴേക്കും നീ
എല്ലാം നശിപ്പിടച്ചു പെയ്തൊട്ടുക്കി

**പെട്ടന്നു നിന്റെ ആ ശക്തിയാൽ ഈ നാട്**

**സാഗരം പോലെ ആകെ നീണ്ടു.**

**ഒത്തിരി ജിവനെ വെള്ളപുതപ്പിച്ചു**

**തേങ്ങികരയുന്നു നാട്ടുമൊത്തം**

**എന്തേ നീ മിണ്ടാതെ എന്തെ നീ നോക്കാതെ**

**ഇങ്ങനെ എന്തിനു നശിപ്പിച്ചു നീ?**

**സാഗരത്തിനേ തോൽപ്പിച്ചു നീന്തിതുടിച്ചൊരു -**

**യുവതലമുറയൊ,ആർത്തിരമ്പി**

**പലപല ജീവൻ അവരും കൈപ്പറ്റി നിന്നെ**

**തോൽപ്പിക്കുവാൻ ശ്രമിച്ചു,വീണ്ടും ഈ നാട്**

**ഉയർത്തെഴുന്നേറ്റു തോൽവി ഒട്ടും കാണാതെ തന്നെ.**

**ആരുപറഞ്ഞിട്ടു ആർക്കു വേണ്ടി നീ**

**എല്ലാം ഒരൊറ്റവരവിനു സ്വന്തമാക്കി?**



ആതിര രാജേഷ്

7C

# പ്രളയം പഠിപ്പിച്ച പാഠങ്ങൾ

- മനുഷ്യത്വം മരിച്ചിട്ടില്ല, ഒരിക്കലും മരിക്കയുമില്ല എന്നു പഠിപ്പിച്ചു.
- സ്നേഹവും സാഹോദര്യവും എന്താണെന്നു പഠിപ്പിച്ചു.
- ജീവന് വില കൊടുക്കാൻ പഠിപ്പിച്ചു.
- യുവതലമുറയുടെ കരുത്ത് എന്താണെന്നു പഠിപ്പിച്ചു.
- മത്സ്യതൊഴിലാളികളുടെയും,സൈന്യത്തിന്റെ ശക്തി എന്താണെന്നു പഠിപ്പിച്ചു.
- ഒന്നിച്ചു നിന്നാൽ എന്തും നിഷ്പ്രയാസമെന്ന് പഠിപ്പിച്ചു.
- ജാതി- മത വർഗീയത ഇല്ല എന്ന് പഠിപ്പിച്ചു.



അജിത് കുമാർ റ്റി സി

എച്ച്.എസ്.എ മ്യൂസിക് ടീച്ചർ

# അനുഭവക്കുറിപ്പ്

വെള്ളപ്പൊക്കം നിത്യജീവിതത്തിന്റെ ഭാഗം തന്നെയായ ഒരു സാധാരണ കുട്ടനാട്ടുകാരനാണ് ഞാൻ. ലോകത്ത് സമുദ്രനിരപ്പിന് താഴെ കൃഷിചെയ്ത് പ്രകൃതി ശക്തികളെ അതിജീവിച്ചുകൊണ്ട് മണ്ണിൽ പോന്നവിലയിക്കുന്ന ഒരു ജനതയുടെ നാട്ടിൽ നിന്നും വന്നതുകൊണ്ടാവാം വെള്ളത്തെ വലിയപീടിയൊന്നും ഇല്ലാത്തത് ഇക്കഴിഞ്ഞ വെള്ളപ്പൊക്കം അതിന്റെ പരാമ്യതയിലെത്തിയ ഓഗസ്റ്റ് പതിനഞ്ചും തിയതി വെള്ളവും,ഭക്ഷണവും,വെളിച്ചവുമില്ലാത്ത കുറച്ച വീട്ടുകളിൽ അത് എത്തിക്കുവാൻ ഉള്ള ശ്രമത്തിന്ന് ഞാൻ മുന്നിട്ടിറങ്ങി. മുക്കത്ത് തറവാടിന്റെ തൊഴുത്തിന്റെ ഇറയത്ത് ഒരു കൊതുമ്പ് വെള്ളമുണ്ടെന്ന് ആരോ പറഞ്ഞു. വള്ളമുണ്ടാക്കുവാൻ അനുവാദവും കിട്ടി,അതുമായിവെള്ളത്തിലേക്ക്.........മലവെള്ളപാച്ചിലിന്റെ കുത്തൊഴുക്കിൽ ഏതാണ്ട് ഒന്നര കിലോമീറ്റർ തുഴഞ്ഞെങ്കിലെ എന്റെ ദൗത്യം വിജയകരമാവു എന്ന് ബോധ്യമായി എന്തിനും,എവിടെയും, അഭിപ്രായം ഉണ്ടാവുമല്ലോ ,?

എന്നെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഒരു കൂട്ടർ....നിരുത്സാഹപ്പെടുത്തികൊണ്ട് ചിലർ പറഞ്ഞു. ഇത് നിങ്ങടെ കുട്ടനാട്ടിലെ വെള്ളമല്ല എന്ന മറ്റൊരുകൂട്ടം .. ഞാൻ വള്ളത്തിൽ കയറി വള്ളം എന്റെ ഭാരം തകനാവാതെ മുങ്ങിയതും... ഒരുപോലെ

**ഇങ്ങനെ സംഭവിച്ചത് രണ്ടാമത്തെ കൂട്ടുകാർക്ക് സന്തോഷം നൽകി . അവർ അത് ചിരിപടർത്തി കൊണ്ട് താനെ പ്രകടിപ്പിച്ചിച്ച് ആസ്വദിച്ചു . അത് എന്നിലെ കുട്ടനാട്ടുകാരനെ ഉണർത്തി ഒപ്പം എന്റെ വാശിയും .**

**ഞങ്ങടെ നാട്ടിലെ വള്ളം കമഴ്ത്തിയിട്ട് കൂടുതൽ പേർ വള്ളത്തിന്റെ പുറത്തു കയറി പോകുന്നത് പതിവ് കാഴ്ചയാണ് കമഴ്ത്തിയിടുന്ന വള്ളത്തിനകത് വായുനില്ക്കുന്നതിനാൽ അത് മുങ്ങുകയില്ല അങ്ങനെ ഞാൻ ആ കൊതുമ്പുവള്ളം കമഴ്ത്തിയിട്ട് അതിൽ കയറി ഇരുന്നു പോകുവാൻ ഉറപ്പിച്ചു . വെള്ളം നിരന്നു കഴിഞ്ഞതിനാൽ ശാന്തമായി കിടക്കുന്നതായി തോന്നുമെങ്കിലും അടിയൊഴുക് നന്നായിട്ടുണ്ടെന്നു ചലനം അഭിപ്രായപെട്ടതിനാൽ വെർണ്ണൂർ കടയുടെ സമീപത്തുനിന്ന് റോഡിന്റെ ദിശയിൽ പോകുന്നത് അബദ്ധമാകും . ഒഴുക്ക് പിടിച്ചാൽ യാത്ര ദുഷ്കരമാകുകയാണ്.**



**മുകുന്ദനുണ്ണി.വി**

**5B**

# പ്രളയം 2018

**കഥാരചനഏറ്റവും കനത്ത മഴ പെയ്തത് 2018-ൽ ആണ് കനത്ത മഴയിൽ വെള്ളപ്പൊക്കവും ഉണ്ടായിരുന്നു. വെള്ളപ്പൊക്കത്തിൽ കുടുങ്ങിയവരെ രക്ഷിക്കാൻ നേവിയുടെ ഹെലികോപ്റ്ററും, നാവികസേനയുടെ ബോട്ടുകളും, കൊല്ലം നീണ്ടകരയിൽ നിന്നും വന്ന മൽസ്യതൊഴിലാളികളുടെ ബോട്ടുകളും ആണ് രക്ഷിക്കാനെത്തിയത്.നേവിയുടെ ഹെലികോപ്റ്ററിൽ നിന്ന് ഭക്ഷണമിട്ടു കൊടുക്കുമായിരുന്നു.കുറെ സ്ഥലങ്ങളിൽ ഉരുൾപ്പൊട്ടലും, മണ്ണിടിച്ചിലും ഉണ്ടായിരുന്നു.ഡമുകൾ തുറന്നു വിട്ടതോടെയാണ് കൂടുതൽ വെള്ളപ്പൊക്കം ഉണ്ടായത്.ഏറ്റവും കൂടുതൽ മഴ ഉണ്ടായത് ആലപ്പുഴ,പത്തനംതിട്ട, ഇടുക്കി,എറണാകുളം എന്നിവിടങ്ങളിലാണ് മഴയും വെള്ളപ്പൊക്കവും ഉണ്ടായിരുന്നത്. കുറച്ചു സ്ഥലങ്ങളിൽ കൃഷിനാശം ഉണ്ടായിരുന്നു. ഈ വർഷം ഓണം ആരും ആഘോഷിച്ചില്ല എല്ലാവരും ദുരിതാശ്വാസക്യാമ്പിലായിരുന്നു. എല്ലാ ജനങ്ങളും വെള്ളപ്പൊക്കം അനുഭവിച്ചിരുന്നു ഉയർന്ന പ്രദേശങ്ങളിലൊന്നും വെള്ളപ്പൊക്കം ഉണ്ടായിരുന്നില്ല.**

**ഇടുക്കി,ചെറുതോണിപാലം പൂർണ്ണമായും തകർന്നു.തകരുന്നതിനുമുൻപ് ഒരു കുട്ടിക്ക് വയ്യായിരുന്നു അപ്പോൾ ഒരാൾ കുട്ടിയുമായി ചെറുതോണി പാലത്തിലൂടെ ആശുപത്രിയിൽ കൊണ്ടുപൊയി.വെള്ളപ്പൊക്കത്തിൽ കുറെ വീടുകൾ പൂർണ്ണമായും**

**തകർന്നു.കുട്ടനാട്ടിൽ കിണറുകൾ പൂർണ്ണമായും വെള്ളത്തിനടിയിലായി,അനേകം കുട്ടികൾക്ക് പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ടു വെള്ളംകയറിയ വീടുകളിൽ ചെളികളായിരുന്നു.ചെളി കളയാൻ വിവിധയിടങ്ങളിൽനിന്നും ആളുകൾ വന്നു പ്രളയ പ്രദേശങ്ങളിൽ നമ്മുടെ പ്രധാനമന്ത്രി നരേന്ദ്രമോദിയും,രാഹുൽ ഗാന്ധിയും സന്തർശിച്ചു.വെള്ളപൊക്കത്തിൽ നഷ്ടപ്പെട്ട സാധനങ്ങൾ ദുരിതാശ്വാസ ക്യാമ്പിൽ നിന്നുംലഭിച്ചു.നമ്മുടെ മുഖ്യമന്ത്രി പിണറായി വിജയൻ പ്രളയ പ്രദേശങ്ങൾ സന്ദർശിച്ചു.**



നന്ദന ആർ അജിത്ത്

7A

# കേരളത്തെ വിഴുങ്ങിയ പ്രളയം

**1924-ലെ മഹാപ്രളയത്തിന് ശേഷം ഏതാണ്ട് ഒരുനൂറ്റാണ്ട് പിന്നിട്ടപ്പോഴാണ് കേരളത്തെ നടുക്കിയ മഹാദുരന്തം വീണ്ടുമുണ്ടായത്. 2018 ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യദിനം ആഘോഷിക്കാനിരുന്ന നമ്മളെത്തേടിയെത്തിയത് മഹാ പ്രളയമാണ്. കനത്തമഴയും വിവിധഭാഗങ്ങളിലെ ഉരുൾപ്പൊട്ടലുമാണ് ഈ പ്രകൃതി ദുരന്തത്തിനു കാരണം ഏകദേശം 20 അടിയോളമാണ് ജലനിരപ്പ് ഉയർന്നത്. ഇതുമൂലം വീടു നഷ്ടപ്പെട്ടതും തൊഴിൽ നഷ്ടപ്പെട്ടതുമായി ധാരാളം ജനങ്ങൾ നമ്മുടെ സമൂഹത്തിലുണ്ട് പരിസ്ഥിതിയെ ദിനപ്രതി നശിപ്പിച്ചുകൊണ്ടിരിക്കുന്ന മനുഷ്യന് പ്രകൃതി നൽകുന്ന തിരിച്ചടിയാണ് ഈ മഹാപ്രളയം അതുകൊണ്ട് പ്രകൃതി സംരക്ഷണത്തിനായി നമുക്കു അണിചേരാം.**



നസിയ സുനിൽ

5B

# എന്റെ പ്രളയാനുഭവം

2018 ആഗസ്റ്റ് 15–ന് എകദേശം രാത്രി 1 മണി ആയപ്പോഴാണ് എന്റെ വീട്ടിൽ വെള്ളം കയറിയത്. എന്റെ കൈയിൽ കിട്ടിയ ആവശ്യമുള്ള സാധനങ്ങൾ എടുത്തു ഞാൻ എന്റെ അച്ഛന്റെ അമ്മയുടെകൂടെ എടുമണിക്കര സ്കൂളിൽ പോയി. അവിടെ ഒരു ദിവസം കിടന്നപ്പോഴും വീട്ടിൽ വെള്ളം കയറിയില്ല എന്നാണ് എന്റെ ചിന്ത. ഞാൻ പോയിക്കഴിഞ്ഞാണ് എന്റെ അച്ഛൻ, അമ്മ, ചേച്ചി, അമ്മമ്മ എന്നിവർ ഇറങ്ങിയത്. ഞാൻകിടന്ന ക്യാമ്പിൽ കുളിക്കാനൊന്നും പറ്റില്ലായിരുന്നു. എന്റെ അമ്മ പിന്നീട് വല്ലനയിലുള്ള നമ്മസ്റ്റോറിലായിരുന്നു കിടന്നത്. എന്റെ അമ്മയെ ചേച്ചി കുറിച്ചി മുട്ടത്തുകൊണ്ടുവിട്ടു എന്നിട്ട് എന്റെ മാമ്മൻ എന്റെ ചേച്ചിയെ എടുമണിക്കര സ്കൂളിൽ കൊണ്ടുവിട്ടിട്ട് ഞങ്ങളെ ഇരുവരെയും കൂട്ടി അമ്മകിടന്ന നമ്മ സ്റ്റോറിലേക്ക് കൊണ്ടുപോയി. വെള്ളപ്പൊക്കത്തിൽ അമ്മമ്മ താമസിച്ചിരുന്ന രണ്ടുനിലവീടിന്റെ ഒരുനില മുങ്ങിയിട്ട് 4 ദിവസം കഴിഞ്ഞാണ് കാലു വയ്യാത്ത അമ്മമ്മയെ ബോട്ടുകാർ വന്നു രക്ഷിച്ച ഞങ്ങൾ താമസിച്ചയിടത്തു കൊണ്ടുവന്നത്. പിന്നെയാണ് അടുത്തുള്ള വീടുകളിൽ ഞങ്ങൾ കുളിക്കാൻ പോവേണ്ടി വന്ന സാഹചര്യം വന്നത് എങ്കിലും ഞങ്ങൾ അവിടെ താമസിച്ചു. തിരിച്ചു വീട്ടിൽ തന്നെ വന്നു. നന്നായി കഴുകി വൃത്തിയാക്കി താമസിച്ചു.

2018 ഓഗസ്റ്റ് 15-ന് കേരളത്തിൽ വൻ ദുരന്തമുണ്ടാക്കിയ പ്രളയത്തിൽ മുങ്ങിത്താഴ്ന്ന നമ്മുടെ കേരളം പ്രളയജലത്താൽ പാവപ്പെട്ടവരുടെ സ്വത്ത് മുതലായവ നശിക്കുകയും വീടില്ലാതെ ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറുകയും ചെയ്തു. 30 ലതികം ജനങ്ങൾ കൊല്ലപ്പെടുകയും 2000 ത്തോളം മത്സ്യത്തൊഴിലാളികളുൾപ്പടെ നിരവധി

ആളുകളെ രക്ഷിക്കുകയുംചെയ്തു. വെള്ളപ്പൊക്കം വന്നപ്പോൾ ക്യാമ്പിലേക്ക് മാറിതാമസിക്കേണ്ടിവരികയും ഭക്ഷണത്തിനു ഒരുവഴിയുമില്ലാതെയായിരുന്നു കിടന്നത്. വീട്ടിലെല്ലാം പാമ്പുകളും ചള്ളകളും കൊണ്ട് നിറഞ്ഞു. ഇത് കഴുകിയെടുക്കാൻ വളരെ പ്രയാസമായിരുന്നു. ഒട്ടുംതാമസിക്കാൻ കഴിയാത്തവിധത്തിലായിരുന്നു വീട്.വെള്ളപ്പൊക്കത്തോടൊപ്പം മണ്ണിടിച്ചിലും ഡാമുകൾ തുറന്നുവിടുമ്പോഴും നിരവധി ആളുകൾ അന്തരിച്ചു. നമുക്കു ജീവിക്കാൻ വേണ്ടി ദുരിതാശ്വാസക്യാമ്പുകൾ തുറക്കുകയും ചെയ്തവർക്ക് ജനങ്ങൾ നന്ദിപറയും.



നിരജന എം എസ്സ്

**7 B**

# നാടെല്ലാം വെള്ളത്തിൽ

2018 ആഗസ്റ്റ് 15-ന് നമ്മുടെ നാടെല്ലാം വെള്ളത്തിൽ മുങ്ങിയിരുന്നു. ഭീകരത്തരത്തെക്കാളും അതി ഭീകരമായിരുന്നു ആ പ്രളയം. അത് പ്രകൃതി നമ്മോട് കോപിച്ചതാണ്. വെറുതെ പ്രകൃതി നമ്മോട് കോപിക്കില്ല പിന്നെയൊ കുന്നിടിച്ചുനിരത്തൽ, ആറും തോടും വയലും മണ്ണിട്ടുനികത്തൽ ഇതെല്ലാമതിനുദാഹരണമാണ്. നമ്മൾ തന്നെയാണ് പ്രളയം വരുത്തി വച്ചതു. മരങ്ങൾ വെട്ടി നശിപ്പിക്കുക, പുഴകളും തോടുകളും മറ്റു ജലസ്രോതസുകൾ മുതലായവ സംരക്ഷിക്കുക. ഇപ്പോൾ നമ്മുടെ കേരളം പ്രളയത്തിനു ശേഷം വരൾച്ചയിലേക്കാഴ്ന്നിറങ്ങിക്കൊണ്ടിരിക്കുകയാണ്. നമ്മൾ നമ്മുക്കുവേണ്ടി ചെയ്യുന്ന ഓരോ നിമിഷവും പ്രകൃതി നശിച്ചുകൊണ്ടിരിക്കുകയാണ്. പ്രകൃതിവിഭവങ്ങൾ ചിലതൊക്കെ നമ്മുക്ക് വാങ്ങാൻ കിട്ടിയേക്കും എന്നാൽ ഒരുകാര്യം, പ്രകൃതിയെ നമുക്ക് വാങ്ങാൻ കഴിയുമൊ? ഇല്ല. എന്ന ബോധത്തോടെ വേണം നമ്മുടെ ജീവിതം മുന്നോട്ടുപോകാൻ . ജലം പാഴാക്കിയതിനുള്ള ശിക്ഷയാണ് പ്രളയം പ്രകൃതിയെ നാം നശിപ്പിച്ചാൽ പ്രകൃതിയെ അതെപടി തിരിച്ചുകിട്ടില്ല. കൂടുതൽ ബോധവാന്മാരാകുക, പ്രകൃതിയെ നശിപ്പിക്കാതിരിക്കുക.



സുനു മേരി സാമുവൽ

അദ്ധ്യാപിക

# പ്രളയം....... ഒരു പാഠപുസ്തകം

പ്രളയം എന്ന് കേൾക്കുമ്പോൾ നോഹയുടെ കാലത്തെ പ്രളയമായിരുന്നു ഓടി എത്തുന്നത്. എന്നാൽ ഇന്ന് അതിന് മാറ്റമുണ്ടായി. 2018-ലെ പ്രളയമാണ് ഓർമ്മയിൽ ഓടിയെത്തുന്നത്. കാരണം നാം നേരിട്ട് കണ്ട് അനുഭവിച്ച പ്രളയ ദിനങ്ങൾ...... അനെകരുടെ ജീവനും സ്വത്തിനും നാശമുണ്ടായി. ഉടുതുണിക്ക് മറുതുണി ഇല്ലാത്ത അവസ്ഥ. ഒരുനേരത്തെ ആഹാരത്തിനു വേണ്ടി കാത്തിരുന്ന കൈനീട്ടിയ അവസ്ഥ. ദുർഗന്ധം വഹിക്കുന്ന ചുറ്റുപാടിൽ കഴിഞ്ഞ അവസ്ഥ. എല്ലാവരെയും ഒരിക്കൽ കൂടി കാണാൻ ദൈവമെ സഹായിക്കണേ എന്നു പ്രാർത്ഥിച്ച നിമിഷങ്ങൾ മനുഷ്യന്റെ വിവേചനങ്ങൾ ഒന്നും പ്രളയത്തിനില്ലായിരുന്നു. എല്ലാവരെയും സമന്മാരാക്കിയ ദിനങ്ങൾ. ധനികനെന്നോ ദരിദ്രനെന്നോ പണ്ഡിതനെന്നോ പാമരനെന്നോ വ്യത്യാസം ഇല്ലാതെ എല്ലാവരെയും ഒരു കുടകീഴിൽ എത്തിച്ച പ്രളയം...... ആരും ഒരിക്കലും പരിചയിച്ചിട്ടില്ലാത്ത സങ്കീർണ്ണസാഹചര്യത്തിലാണ് നാം വഴുതി വീണതു.

പ്രളയം ഇത്ര നാശനഷ്ടങ്ങൾ വരുത്തിയെങ്കിലും മനുഷ്യന്റെ ചിന്തകളെ സമീപനങ്ങളെ മാറ്റി മറിച്ച ദിനങ്ങൾ ജാതിമത വർഗ്ഗവർണ്ണ വ്യത്യാസം ഇല്ലാതെ ഒരുമയോടെ നിന്ന ദിനങ്ങൾ. എല്ലാവർക്കും ഒരേ പ്രാർത്ഥന ദൈവമെ ഈ ദുരിതത്തിൽ നിന്ന് നീക്കപോക്കു തരണേ. മാനവികതയുടെ പുതു വസന്തങ്ങൾ ഉദിച്ച

ദിനങ്ങൾ .ഓർക്കുവാൻ ചില നല്ല പാഠങ്ങൾ തന്ന ദിനങ്ങൾ പ്രളയബാധിത മേഖലയിൽ രക്ഷപ്രവർത്തനത്തിന് എത്തിയ മത്സ്യതൊഴിലാളികൾ പ്രളയത്തിനൊപ്പമെത്തിയ മാലാഖമാരായിരുന്നു. മഴയേയും തിരയേയും ഭയക്കാത്ത മത്സ്യത്തൊഴിലാളികൾ ആരും വിളിക്കാതെ എത്തി. ഈ പ്രളയം ദൈവകോപമോ, അതോ മനുഷ്യ നിർമ്മിതമോ?

മനുഷ്യജാതിയെ പ്രളയത്തിൽ നശിപ്പിക്കില്ലെന്ന ഉറപ്പ് നോഹയുടെ കാലത്ത് ദൈവം തന്നിട്ടുണ്ട്. അതുകൊണ്ട് ദൈവകോപമല്ലെന്നു നമുക്ക് ഉറച്ച് വിശ്വസിക്കാം പിന്നെയോ പ്രളയജലം പരന്നൊഴുകിയിരുന്ന വയലേലകൾ ഇന്ന് അന്യമായി. എല്ലായിടത്തും മണ്ണിറക്കി പരിസ്ഥിതി വിരോധമായി കൊട്ടാരസൗമുചയങ്ങൾ ഉയർത്തി. റോസാപ്പു തളിരിട്ടു നിൽക്കുന്ന ഉദ്യാനങ്ങൾ ഇന്നില്ല പകരം നിറം നൽകുന്ന കട്ടകളാണ് വീതിയിലെങ്ങും, വീടിനു ചുറ്റും ഉയർന്ന മതിലുകൾ വെള്ളം ഭൂമിയിലേക്ക് ഇറങ്ങുന്നതിനു തടസ്സമായി .ഇനിയും പ്രളയ ജലം എവിടേക്ക് ഒഴുക്കും? തോടുകളിലും അരുവികളിലും ജലമില്ലാതായപ്പോൾ തടം തോണ്ടി കപ്പ നട്ടു. പാവലും പടവലവും കൃഷി ചെയ്ത് ലാഭം കൊയ്തു. വെള്ളം ഒഴുകാൻ ദൈവം നിശ്ചയിച്ച നദികളെയും തോടുകളേയും ഞെക്കിയമർത്തിയപ്പോൾ ശ്വാസം മുട്ടിയ നദിയും തോടുകളും കരകവിഞ്ഞൊഴുകിയതിൽ അത്ഭുതപ്പെടാനില്ല. ദൈവം നമുക്കു തന്ന വലിയൊരു പാഠപുസ്തകമായി ഈ പ്രളയത്തെ കാണണം. പ്രകൃതി ശക്തികൾക്ക് അതീതരാണ് മനുഷ്യൻ എന്ന അഹന്ത മാറ്റിവച്ച് ദൈവഭയമുള്ളവരായി പ്രകൃതിയെ ചൂഷണം ചെയ്യാതെ പ്രകൃതി സംരക്ഷകരായി നാം മാറണം.

കൈകോർക്കാം കൂട്ടരെ,

പ്രകൃതിസംരക്ഷണത്തിനായി..........

എ.എം.എം.എച്ച്.എസ്സ്.എസ്സ്



അഞ്ജലി ദേവി . എസ്സ്
എച്ച് . എസ് . എ മലയാളം
എ എം എം എച്ച് എസ്സ് എസ്സ് ഇടയാറന്മുള

# പ്രളയകേരളം- ചിതറിത്തെറിച്ച ചിന്തകൾ

ഓർക്കുമ്പോൾ ഭയപ്പെടുത്തുന്ന ഓർമ്മചിത്രങ്ങൾ.പ്രളയചിത്രങ്ങൾ അപ്രതീക്ഷിതമായികുത്തിയൊലിച്ചെത്തിയദുരന്തത്തെഅതിജീവിച്ചത് .മനസ്സുറപ്പുനിശ്ചയദാർഢ്യവുംകൊണ്ട്കേരളത്തെവിഴുങ്ങിയപ്രളയം ,മുട്ടോളം,അരയോളം,ശിരസ്സോളം മുങ്ങിപ്പോയ നാട്.മലകൾ പിളർത്തി മടകൾ മുറിഞ്ഞ് ആർത്തല- ച്ചെത്തിയ പ്രളയജലം കവർന്നെടുത്തത് കേരളജനതയുടെ മോഹങ്ങളായിരുന്നു സ്വപ്നങ്ങളായിരുന്നു പ്രതീക്ഷകളായിരുന്നു.

രാജ്യം സ്വാതന്ത്ര്യത്തിന്റെ 71-ാം വാർഷികം അഘോഷിക്കുന്ന തിരക്കിലായിരുന്നു.എന്നാൽ കേരളക്കരയാകെ ആശങ്കയുടെ കരിനിഴൽ വീഴ്ത്തികാലവർഷംപതിവിലുംഅധികംശക്തിപ്രാപിച്ചു,മഴയുംഒത്തുകളിച്ചു.തലയ്ക്കുമീതെ,വീടിനുമീതെപുഴപരന്നു.പമ്പാതീരവ,പെരിയാർത്തീരവുംദുരിതക്കയങ്ങളായി

അതിജീവനം

.കേരളവുംകേരളീയരും പ്രളയമെന്ന യാഥാർത്ഥ്യത്തിന്റെ സാക്ഷിപത്രങ്ങളായി.99 ലെ വെള്ളപ്പൊക്കം എന്ന് നാം വിളിക്കുന്ന 1924 ലെ വെള്ളപ്പൊക്കത്തിനു ശേഷം കേരളം കണ്ട മഹാപ്രളയത്തി-ന്റെ അവശേഷിപ്പുകളായി നാം മാറി.മഹാപ്രളയം മലയാളിക്ക്ചരിത്ര പാഠമായി മാറി.അങ്ങനെ കുളിർത്തെന്നലിന്റെ സുഖമുള്ളമഴഓർമ്മകൾ കണ്ണീരുപ്പിന്റെ ഭീതിയുടെ ചെങ്കനൽ ചൂളയായി. ഒരു മനുഷ്യായുസ്സിൽ മറക്കാൻ കഴിയാത്ത ,നടുക്കുന്നഓർമ്മയായി, നമ്മെ വേട്ടയാടുന്നു .

2018 ജൂലൈ - ആഗസ്റ്റ് മാസങ്ങളിൽ തെക്ക് - പടിഞ്ഞാറൻ കാലവർഷം ഉയർന്ന അളവിൽ പെയ്തതാണ് പ്രളയത്തിന്റെ അടിസ്ഥാനകാരണമായി പറഞ്ഞുവരുന്നത് .ശക്തമായ മഴയെത്തുടർന്ന് മലയോര മേഖലകളിൽ ഉണ്ടായഉരുൾപൊട്ടലുംമണ്ണിടിച്ചിലും പ്രാളയത്തിന് ആക്കം കുട്ടി . അണക്കെട്ടുകളിൽ ജല നിരപ്പ് ഉയർന്നതോടുകുടി ഡാം തുറന്നുവിടുകയല്ലാതെ ഡാം സുരക്ഷാ അതോറട്ടിക്ക് മറ്റ്മാർഗ്ഗങ്ങൾ ഇല്ലാതായി . അങ്ങനെ കേരള ജനതയെ കണ്ണീരിലാഴാത്തി മഹാ പ്രളയം രൂപം കൊണ്ടു അന്തർ സംസാഥാന അണക്കെട്ടുകളുടെ ഏകോപനമില്ലായാമ , അനവധി മേഘ വിസ്ഫോടനങ്ങൾ അന്തരീക്ഷത്തിലെ ന്യൂനമർദ്ദം , പാരിസ്ഥിതിക നാശം മൂലമുണ്ടാവുന്ന "വിശക്കുന്ന ജല പ്രതിഭാസം" എന്നിവയെല്ലാം പ്രളയത്തിന് ഹേതുവായിത്തീർന്നിരിക്കാം .

പ്രളയക്കെടുതിയിൽ , പക്ഷിമൃഗങ്ങൾക്കും വ്യാവസായിക മേഖലകൾക്കും, ഗതാഗത മേഖലകൾക്കും, വൈദ്യുതി മേഖലകൾക്കും , വൻ നാശം ഉണ്ടായി.

ഈ അവസരത്തിൽ നമുക്ക് ഒരു കാര്യം ഓർക്കാതിരിക്കുവാൻ അവില്ല. സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ , നാടിന്റെ രക്ഷകരായി എത്തിയ കടലിന്റെ മക്കളെ, വഴിയറിയാത്ത ഇടങ്ങളിലൂടെ കടന്ന് ചെന്ന് രക്ഷാപ്രവർത്തനം നടത്തിയ നാവികസേനാംഗങ്ങൾ, അങ്ങനെ കക്ഷി രാഷ്ട്രിയ ഭേദമില്ലാതെ ഒറ്റക്കെട്ടായി മഹാ പ്രളയത്തെ നേരിട്ട കാഴ്ച മലയാളിയെ എവിടെയും മനുഷ്യത്വത്തിന്റെ ഉദാത്ത മാതൃകകളായി തീർക്കുന്നു.

എ.എം.എം.എച്ച്.എസ്സ്.എസ്സ്

അതിജീവനം

കേരള ചരിത്രത്തിലെ എറ്റവും വലിയ പ്രകൃതിക്ഷോഭത്തിന്റെ ദുരിതാശ്വാസം പ്രവർത്തനങ്ങൾ ഭംഗിയായി നിർവഹിച്ച ഈ അവസരത്തിൽ ഇനി നാം ചിന്തിക്കേണ്ടത് നവ കേരള സൃഷ്ടിയെപ്പറ്റിയാണ്. നാശനഷ്ടങ്ങൾക്ക് പരിഹാരം കാണുകയും ക്രമേണ തകർന്നുപോയ ഭൗതിക സാഹചര്യം പുനർ നിർമ്മിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. സമഗ്രമായ കാഴ്ച്ചപ്പാടിലൂടെ മാത്രമേ നവകേരളംസൃഷ്ടിക്കുവാൻ സാദ്ധ്യമാവുകയുള്ളൂ ' പ്രകൃതിയുടെ ക്രൂരമായ വികൃതിയാണ് പ്രളയം' എങ്കിൽ നവകേരളനിർമ്മിതിയിൽ ഗൗരവ പൂർവ്വമായപരിഗണനഅർഹിക്കേണ്ടത് പ്രകൃതിയോടുള്ള സമീപനരീതിക്കു തന്നെയാണ്.

കേന്ദ്രസഹായത്തെപറ്റിയുംവിദേശസഹായത്തെപറ്റിയും,അഴിമതികളെ പറ്റിയും,അതിജീവന കഥകളെ പറ്റിയും, എല്ലാം എല്ലാം തർക്ക വിഷയങ്ങൾ ആണെങ്കിലും എങ്ങനെയും കേരളത്തിന് അതിജീവിച്ചേ മതിയാകൂ. നിപ്പയേയും ഓഖിയേയും സുനാമിയേയും അതിജീവിച്ചതുപോലെ തന്റെ കരുത്ത് തിരിച്ചറിഞ്ഞ് പ്രളയത്തെയും കേരളം ഇരട്ടച്ചങ്കോടെ നേരിട്ട് നവകേരള നിർമ്മിതിക്കായി നമുക്ക് കൈകോർക്കാം.പ്രളയംപഠിപ്പിച്ച തന്ന പാഠങ്ങൾ നമുക്ക് മറക്കാതിരിക്കാം.

എ.എം.എം.എച്ച്.എസ്സ്.എസ്സ്



ഭാഗ്യ കൃഷ്ണൻ

7A

# പ്രളയം 2018

2018 ഓഗസ്റ്റ് 15 കേരളത്തിൽ ഉള്ള മിക്കവാറും നദികൾക്ക് സ്വാതന്ത്ര്യം കിട്ടിയ ദിനമാണ് എന്ന് പറയാം മനുഷ്യരുടെയെല്ലാം സ്വപ്നങ്ങൾക്കും ജീവനും മീതെ നദികൾ പാഞ്ഞൊഴുകി. കണ്ണുകൾ അടച്ച് തുറക്കുന്ന നിമിഷംകൊണ്ട് എല്ലാം കൺമുന്നിലൂടെ ഒഴുകി പോകുന്ന കാഴ്ചയാണ് ആൾക്കാർ നേരിട്ടത്. ഉടുതുണിയുമായിട്ട് ആൾക്കാർക്ക് വിട്ടുവിട്ട് ഇറങ്ങേണ്ടി വന്നു. നിരവധി ആൾക്കാർ അവരുടെ ജീവൻ വരെ പണയപ്പെടുത്തിയാണ് പലരെയും ഈ ദുരന്തത്തിൽ നിന്ന് രക്ഷിച്ചത് കേരളത്തിലെ മുഴുവൻ ജനങ്ങളും ഈ സംഭവത്തിൽ ജനങ്ങളെ സഹായിക്കാൻ കൂടെയുണ്ടായിരുന്നു. ചിലരുടെയൊക്കെ ജീവിതം ഈ ദുരിതം കൊണ്ടുപോയി. ചിലരൊക്കെ തന്റെ വിടിന്റെ മുകളിലെ നിലയിൽ കയറിയിരുന്നു തന്റെ സമ്പത്തും പ്രമാണവും,സ്വത്തും കെട്ടിപിടിച്ച് ഇരിക്കുകയായിരുന്നു ആ സമയത്തൊക്കെ പത്രത്തിലും ന്യൂസുകളിലും ഒക്കെ ഈ പ്രളയത്തെ കുറിച്ച് മാത്രമായിരുന്നു. എന്റെ വീട്ടിൽ നിന്നും ഞാനും ചേച്ചിയും ആദ്യമെ രക്ഷപെട്ടു പിന്നെ അച്ഛനെയും അമ്മയെയും രണ്ട് ചേട്ടൻമാർ ചെറിയ കൊതുമ്പു തോണിയിലാണ് മറ്റോരു വിടിന്റെ മതിലിൽ കൊണ്ടെത്തിച്ചത് .ആ കോതുമ്പു വള്ളത്തിലാണ് ഞങ്ങളുടെ വീടിനകത്തുള്ള മിക്കവരും രക്ഷപെട്ടത്. ഇനിയും ഇതുപോലെ ഒന്നും വരാതിരിക്കാൻ പ്രാർഥിക്കാം.



ഗീതാഞ്ജലി എസ് 10A

# ഒഴുകിയെത്തിയ മഹാദുരന്തം

കേരളം ഇപ്പോൾഅനുഭവിച്ചുകൊണ്ടിരിക്കുന്നത് പ്രകൃതിദുരന്തമാണ്. പ്രകൃതിയെ കൊന്നുകൊണ്ടിരിക്കുമ്പോൾ ഇത്ര ഭയങ്കരമായി അവൾ പകരം വീട്ടുമെന്ന് ബുദ്ധിമാന്മാരായ മനുഷ്യർ കരുതിയില്ല. വലിയ മണിമാളികയിലും മണിസൗധങ്ങളിലും ഇരുന്ന് വിരാജിതരായിരുന്ന കൊമ്പത്തെ പണക്കാരും ഒരുനേരത്തെ ആഹാരത്തിന് വകയില്ലാതിരുന്ന പാവപ്പെട്ടവനും പാഞ്ഞുകയറിയ വെള്ളത്തിനു കീഴിൽ ഒരുപോലെയായിരുന്നു.

ലോകത്തേറ്റവും കൂടുതൽ മഴ പെയ്തിരുന്ന ഒരു പ്രദേശമായിരുന്നു ഒരിക്കൽ കേരളം. എന്നാൽ പ്രകൃതി ദുരന്തങ്ങൾ കുറവായിരുന്നു .തുമ്പിക്കൈ വണ്ണത്തിൽ പെയ്യുന്ന കനത്ത മഴയെ താങ്ങിനിർത്താനും ഉൾക്കൊള്ളാനുമുള്ള കഴിവും പ്രാപ്തിയും നമ്മുടെ ഭൂമിക്കുണ്ടായിരുന്നു അതിനു വേണ്ട ഘടനയും

പ്രകൃതിയുമായിരുന്നു കേരളത്തിനുണ്ടായിരുന്നത്. ഇന്ത്യയുടെ തെക്കെ അറ്റത്ത് പടിഞ്ഞാറായി അറബിക്കടലിന് സമാന്തരമായി നെടുനീളത്തിൽ കിടക്കുന്ന കേരളത്തിന്റെ അട്ടപ്പാടിയും വയനാടുമൊഴികെയുള്ള എല്ലായിടവും ഈ മലനിരകളുടെ പടിഞ്ഞാറെ ചരിവിൽ ആണ് സ്ഥിതി ചെയ്യുന്നത് സാധാരണയായി പശ്ചിമഘട്ട മല.



ജോജോ ഷിബു – 9B

# പ്രളയം - 2018

## കഥാരചന

ഈ വർഷമാണ് ഏറ്റവും കൂടുതൽ മഴ ഉണ്ടായിരുന്നത്. നാട്ടിൽ എല്ലാ സ്ഥലത്തും വെള്ളം പൊങ്ങി. ആഗസ്റ്റ് 14 വൈകുന്നേരം തൊട്ടാണ് വെള്ളം പൊങ്ങിയത്. നാട്ടിലെ ജനങ്ങളെ രക്ഷിക്കാൻ നേവിയുടെ ഒരു കൂട്ടം ആളുകളും പോലീസും ഒരു കൂട്ടം മത്സ്യതൊഴിലളികളും എത്തി. വെള്ളപൊക്കത്തിൽ ഒരു കൂട്ടം ആളുകൾ മരിച്ചു.വെള്ളപൊക്കത്തിൽ കുറെ ജനങ്ങളുടെ വീട് നഷ്ടപ്പെട്ടുപോയി.വെരെ കുറെ ആളുകളുടെ സാധനങ്ങൾ പോയി.സർക്കാരിൽ നിന്ന് 10000 രൂപ നൽകി .

ഇടങ്ങളിൽ നിന്ന് അരി പഞ്ചസാര എന്നിങ്ങയുള്ളസാധനങ്ങൾ പല സമയങ്ങളിലായി നൽകി. പിന്നെ സത്യം പറഞ്ഞാൽ വെള്ളം പെങ്ങാത്തവർക്ക് ആണ് ഒന്നുമില്ലാതത്ത് .കരാണം വെള്ളം പൊങ്ങിയസമയത്ത് കടങ്ങൾ ഒന്നും തുറന്നില്ല.അതുകൊണ്ട് വെള്ളം പൊങ്ങത്തവർക്ക്സാധനങ്ങൾ എല്ലാം തീർന്നു. ചില ഇടങ്ങളിൽ ഉരുൾപൊട്ടലും,മണ്ണിടിച്ചിലും. ഉണ്ടായിരുന്നു .ഡാമുകൾ തുറന്നു വിട്ടതോടെ കൂടുതൽ വെള്ളപ്പൊക്കം ഉണ്ടായത്. ഏറ്റവും കൂടുതൽ മഴ ഉണ്ടായത് . എറ്റവും കൂടുതൽ മഴ ഉണ്ടായിരുന്ന പത്തനംത്തിട്ട,ആലപ്പുഴ,ഇടുക്കി, എറണാകുളം ജില്ലകളിൽ ആയിരുന്നു. മഴയെതുടർന്ന് ഇടുക്കി ചെറുതോണി പലം പൂർണ്ണമായും തകർന്നു.തകരുന്നതിനുമുൻപ് ഒരു കുട്ടിക്ക് വയ്യായിരുന്നു കുട്ടിയുമായി ചെറുതോണി പലാത്തിലൂടെ ആശുപത്രിയിൽ കൊണ്ടു പോയിരുന്നു.ഈ വർഷം ഓണം പോലും ആഘോഷിച്ചില്ല .



മിന്നുമനോജ്

10C

# കേരളം അതിജിവനത്തിന്റെ പാതയിൽ

## "ഇനിവരുന്നോരു തലമുറയ്ക്ക്

## ഇവിടെ വാസം സാധ്യമോ"

എന്നീ വരികൾ തികച്ചും പ്രാവർത്തികമാകുന്ന സംഭവ വികാസങ്ങളാണ് ഇക്കഴിഞ്ഞ നാളുകളിൽ കേരളത്തിൽ അരങ്ങേറിയത്. ആഗസ്റ്റ് മാസത്തിന്റെ ആരംഭങ്ങളിൽ ശക്തിയേ റിയ തെക്ക് പടിഞ്ഞാറൻ കാലവർഷം വിതച്ച നാശനഷ്ടങ്ങൾ ഇന്നും കേരളത്തെ വേട്ടയാടുന്നു. ഒരു പുനർ ജന്മം പോലേ നേടി യെടുത്ത ഇനിയുള്ള നാളുകളിൽ നമ്മുടെ കൊച്ചു കേരളം അതിജി വനത്തിന്റെ പാതതേടുന്നു. ധനികനും ദരിദ്രനും പാമരനും പണ്ഡി തനും ഒരോറ്റ കുടക്കിഴിൽ കൈകോർത്ത് പിടിക്കാനും വേർതി രിവിന്റെ മതിൽ കേട്ടുകൾ തകർത്തേറിയുവാനും ഈപ്രളയ ത്തിനു സാധിച്ചു. 99 കളിലെ മഹാപ്രളയത്തിനുശേഷം 2018-ലെ വിനാശകാരിയായ ഈപ്രളയം ഏൽപ്പിച്ച മുറിവുകൾ ഇപ്പോഴും ഉണങ്ങിയിട്ടില്ല. ഒരു പക്ഷേ ഇതിൽ കൂടുതൽ തീവ്രമാകേണ്ടിയി രുന്ന ഈ പ്രളയത്തിന് അൽപ്പമേങ്കിലും ശമനമുണ്ടായത് നമ്മുടെ ഐക്യമേറിയ രക്ഷാപ്രവർത്തനത്തിലൂടെയാണ്.

കലിതുള്ളി പെയ്യതെ പടിഞ്ഞാറൻ കാലവർഷം ഏൽപ്പിച്ച ദുരന്തം

ഭൂപ്രകൃതിപരമായി നിരവധി സവിശേഷതകൾ ഉൾകൊള്ളുന്ന നമ്മുടെ കൊച്ചുകേരളത്തെ ബാധിച്ചു. ശക്തമായ മഴ കേരളത്തിലെ മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോര പ്രദേശങ്ങളിൽ ഉരുൾ പൊട്ടലും സൃഷ്ടിച്ചു. കേരളത്തിലെ ഏക ദേശം 10% പ്രദേശങ്ങളും സമുദ്രനിരപ്പിനു താഴെയാണ് സ്ഥിതി ചെയ്യുന്നത്. നമ്മുടെ 44 നദികളിൽ 3 എണ്ണം ഒഴിച്ച് ബാക്കിയെല്ലാം അറബിക്കടലിൽ പതിയുന്നവയാണ്.ഈ നദികളിൽ എല്ലാം കൂടിയെകദേശം 54 അണക്കെട്ടുകളും നിലനിൽക്കുന്നു. ശക്തമായ മഴ അണക്കെട്ടുകളിലെ ജലനിരപ്പുയർത്തുകയും തൽഫലമായി ഡാമുകളിലെ ഷട്ടറുകൾ തുറന്നുവിടുന്നതിനും വഴിയോരുക്കിയതുമാണ് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർധിപ്പിക്കുന്നതിനും പ്രധാനമായും കാരണമായത്. മാത്രമല്ല ശാന്തസമുദ്രത്തിൽ രൂപം കൊണ്ട ചുഴലിക്കാറ്റും ഈ കാലവർഷകെടുതിയെ സ്വാധിനിച്ചിട്ടുണ്ടെന്നാണ് കാലാവസ്ഥാ നിരീക്ഷണകേന്ദ്രത്തിന്റെ നിഗമനം.

വൃഷ്ടി പ്രദേശങ്ങളിലെ കനത്ത മഴയെത്തുടർന്ന് കേരളത്തിലെ 32 ഡാമുകളും ഇടുക്കി അണക്കെട്ടി ലെ 5 ഷട്ടറുകളും ചരിത്രത്തിലാദ്യമായി തുറന്നുവിട്ടു അടുക്കിയിലേ ചെറുതോണിപ്പട്ടണം പൂർണമായും വെള്ളത്തിനടിയിലായി. കേരളത്തിലുടനീളം 330 ൽ പരം ജനങ്ങൾ കൊല്ലപ്പെടുകയും 10 ലക്ഷത്തിലധികം ജനങ്ങളെ മാറ്റിപ്പാർപ്പിക്കുകയും ചെയ്തു. വയനാ ട്ടിലും മഴയും മണ്ണിടിച്ചിലും വ്യാപകമായിരുന്നു. വയനാട്ടിലെ ചൂരം ഇടിഞ്ഞത് യാത്രാതടസമുണ്ടായി. കേരളത്തിന്റെ വിവിധ പ്ര ദേശങ്ങളിൽ റോഡുകൾ തടസ്സപ്പെടുകയും വൈദ്യുതി ബന്ധം വിഛേദിക്കപ്പെടുകയും, ഗതാഗത വാർത്താവിനിമയ സൗകര്യം ത ടസ്സപ്പെടുകയും ചെയ്തു. അനേകം ജനവിഭാഗങ്ങളുടെ പാർപ്പിടം തകരുകയും പ്രധാന രേഖകളും മറ്റ് ആവശ്യപ്പെട്ട വസ്തുക്കൾ നഷ്ടപ്പെടുകയും ചെയ്തു.

പത്തനംതിട്ട ജില്ലയിൽ റാന്നി,ആറന്മുള,പന്തളം,നിരണം എന്നി പ്രദേശങ്ങളെ ബാധിച്ചിരുന്നു. കേരളസംസ്ഥാന ദുരന്തനിവാരണ കമ്മിറ്റി

പുറപ്പെടുവിച്ചകണക്ക് പ്രകാരം ആഗസ്റ്റ് 14 ന് വൈകിട്ട് 4 മണിയൊടെ കക്കി-ആനത്തോട് എന്നി അണക്കെട്ടുകളിൽ നിന്നും sc 85300 ലിറ്റർ ജലവും പമ്പ അണക്കെട്ടുകളിൽ നിന്ന് 47000 ലിറ്റർ ജലവുമാണ് പുറം തള്ളിയത്. എന്നാൽ കനത്തമഴയെത്തുടർന്ന് ഡാമിൽ സംഭരണശേഷിയും ജലനിരപ്പുയർന്നതിനാൽ പമ്പാ ഡാമിൽ നിന്നും sc9.39 ലക്ഷം ജലം പുറന്തള്ളേണ്ടിവന്നു ഇതോടെ ഇടയാറന്മുള, ആറന്മുള, എന്നിവിടെ ചുറ്റവട്ടപ്രദേ ശങ്ങളും പ്രളയത്തിനടിമയായി. ചെങ്ങന്നൂരിനെയും വെള്ളപ്പോക്കം എറെ ബാധിച്ചു.

മൽസ്യബന്ധന തൊഴിലാളികൾ, കരസേന നാവികസേന തുടങ്ങിയ വിഭാഗത്തിൽപ്പെട്ട വരുടെ ഒരുമിച്ചുള്ള രക്ഷാപ്രവർത്തനം ദുരന്തതീവ്രത കുറയുന്നതിന് കാരണമായി. കടലിന്റെ മക്കളായ മൽസ്യബന്ധന തൊഴിലാളികൾ, കേരളമണ്ണിൽ ചീറിപ്പാഞ്ഞെത്തിയ മലവെള്ളത്തിൽനിന്നും ജീവന്റെ തുടിപ്പുകൾ തേടി അലഞ്ഞു തങ്ങളുടെ പക്കലുള്ള ചെറുവള്ളങ്ങൾ മുതൽ മത്സ്യബന്ധനത്തിനു പയോഗിക്കുന്ന വലിയ ബോട്ടുകളും വരെ രക്ഷാപ്രവർത്തനത്തിനു പ്രയോജനപ്പെടുത്തി തന്റെ ചുമലുകൾ ചവിട്ടുപടകളാക്കിയ മത്സ്യബന്ധന തൊഴിലാളികൾ കാരുണ്യം നമ്മുടെ പ്രധാനചർച്ചാ വിഷയങ്ങളിലൊന്നായിരുന്നു.

പത്തനംതിട്ടജില്ലയിൽജീവൻരക്ഷാപ്രവർത്തനത്തിനായി കൊല്ലം ജില്ലയിലെ നീണ്ടകരയിലും നിന്നും മറ്റുമായി 941 ബോട്ടുകളടക്കം കടലിന്റെ മക്കൾ എത്തിയിരുന്നു മൂന്നുദിവസങ്ങളിലായി രാത്രിയും പകലും ഇല്ലാതെ രക്ഷാപ്രവർത്തനത്തിന് ഏർപ്പെട്ടു. ഇവർക്കുടാതെ NDRF നാനിയസേനയും, കരസേന എന്നിവരും ഹെലിക്കോപ്റ്റർ അടക്കം രക്ഷാപ്രവർത്തനം തുടങ്ങി.

സംസ്ഥാനത്തുടനീളം ധാരാളം ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ചു. ഭക്ഷണ ദൗർലഭ്യം അനുഭവപ്പെട്ടിരുന്നില്ല. ജനങ്ങൾക്കാവശ്യമായ വസ്തുങ്ങളും മറ്റും ക്യാമ്പുകളിൽ ലഭ്യമായിരുന്നു. പ്രളയവും തൽഫലമായി ഉണ്ടായ കെട്ടുതികളെപ്പറ്റി

അതിജീവനം

**കേരളസർക്കാർ ഓരോഘട്ടത്തിൽ വിലയിരുത്തുകയും പഠനം നടത്തുകയും ചെയ്തു. ആകെ കണക്കെടുപ്പിൽ കേരളത്തിന് 2000 കോടിയുടെ നഷ്ടമാണുണ്ടായത്. പ്രളയത്തിന് ശേഷം ശുചിത്വ പരിപാടികൾക്ക് മുൻഗണന നൽകുകയും പ്രളയം ബാധിച്ച വീടുകളിൽ ശുചിത്വം വരുത്തുകയും ചെയ്തു. പ്രളയത്തിനു ശേഷം ഉടലേടുക്കാവുന്ന പകർച്ച വ്യാധികൾക്കെതിരേയും നമ്മുടെ സർക്കാരിനു കഴിഞ്ഞു.ഈ മഹാ പ്രളയം സൃഷ്ടിച്ച ദുരന്തത്തിൽ നിന്നുമുക്തി നേടി പുതിയോരുകേരളത്തിനെ വാർത്തേടുക്കാനുള്ള കടമ നാം ഓരോത്തരുടേതുമാണ്. കേരള മണ്ണിൽ മലയാളത്തിന്റെ മാധുര്യം നുകർന്ന നാം ഓരോറ്റ ലക്ഷ്യത്തോടെ മുന്നേറണം അതിജീവനത്തിനായ്.**

**എ.എം.എം.എച്ച്.എസ്സ്.എസ്സ്**



നിധിൻ ജി കൃഷ്ണൻ

7A

# പ്രളയം

ഇതിൽ എന്റെ പ്രളയവിവരണം മാത്രമല്ല  ഈ ലോകത്ത് ഉള്ളവരുടേയും ആണ് .ഞാൻ ഇവിടെ വിവരിക്കുന്നത്  നമ്മുടെ വന്നു പോയമഹാപ്രളയത്തെക്കുറിച്ചാണ്. ഈ മഹാപ്രളയത്തിൽ കുറേ കുട്ടംബം വളരെയധികം കഷ്ടതകൾ  അനുഭവിച്ചു. എനിക്കും എന്റെ കുടുബത്തിനും ഒന്നും സംഭവിച്ചില്ല . ഞങ്ങളുടെ അടുത്തുള്ള

എ എം എം എച്ച് എസ്സ് എസ്സ് സ്കൂളിൽ ആയിരുന്നു ക്യാമ്പ്. ചിലര് വെള്ളപ്പൊക്കത്തിൽ മരിച്ചുപോയി. ചിലരുടെ വീടുകൾ നഷ്ടപ്പെട്ടു പോയി. ഇതൊക്ക കാണുമ്പോൾ വിഷമം വരുന്നു. ഈ വെള്ളപ്പൊക്കം വന്നപ്പോൾ ദൈവങ്ങൾ തുണയായി എന്നുപറയാം.  പിന്നെ നേവിയുടെ രക്ഷാപ്രവർത്തനവും ഉണ്ടായിരിന്നു.

ഒരോ വീട്ടിൽ വളർത്തുന്ന പശുക്കളെല്ലാം ഒലിച്ചുപോയി .ഈ വെള്ളപ്പൊക്കം വന്നത്2018 ലാണ്.ഒരിക്കലും നമ്മൾ  തളരരുത് ഇതാണ് എന്റെ വാക്ക് .



അമൃത സുരേഷ്

10A

# പ്രളയത്തിൽ ആശ്വാസമായി വന്നവർ

2018 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ തെക്കുപിഞ്ഞാറൻ കാലവർഷകാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായാണ് 2018-ലെ കേരള വെള്ളപ്പൊക്കവും മലയോരമേഖലയിൽ ഉരുൾപ്പൊട്ടലുമുണ്ടായി. അണക്കെട്ടുകളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ അവയുടെ ഷട്ടറുകൾ തുറന്നുവിട്ടത് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു. ചരിത്രത്തിലാദ്യമായിട്ടാണ് കേരളത്തിലെ 54 അണക്കെട്ടുകളിൽ 35 എണ്ണവും തുറന്നുവിടേണ്ടി വന്നത്. 26 വർഷങ്ങളുടെ ഇടവേളക്കു ശേഷം ചെറുതോണി അണക്കെട്ടിന്റെ 5 ഷട്ടറുകൾ ഒരുമിച്ച് തുറന്നത്. അതിശക്തമായ മഴയിൽ വയനാട് ജില്ല പൂർണ്ണമായും ഒറ്റപ്പെട്ടുവെന്നു പറയാം. നദികൾ കരകവിഞ്ഞൊഴുകിയതോടെ റോഡ്,റേയിൽ,വ്യോമ ഗതാഗതത്തെ ശ്രിംഖലകളെ പ്രതികൂലമായി ബാധിച്ചു. തൊണ്ണൂറ്റി യൊമ്പതിലെ വെള്ളപ്പൊക്കംഎന്നറിയപ്പെടുന്ന 1924-ലെ പ്രളയത്തിനു ശേഷം കേരളത്തിലുണ്ടായ ഏറ്റവും വലിയ പ്രളയമാണ് 2018-ലെ വെള്ളപ്പൊക്കം.ഈ വലിയ ദുരന്തത്തിൽ നിന്നും നമ്മെ രക്ഷിച്ച രക്ഷാപ്രവർത്തകരെ അഭിനന്ദിക്കാതിരിക്കാൻ പറ്റില്ല നമ്മെ രക്ഷിച്ച ചില രക്ഷാപ്രവർത്തന സംഘങ്ങളെപ്പറ്റിതാഴെപറയുന്നു.

- <u>അഗ്നി-രക്ഷാസേന:</u>ഏത് ദുരന്തമുണ്ടാകുമ്പോഴും സാധാരണയായി ഏറ്റവും ആദ്യം രക്ഷാപ്രവർത്തനത്തിനെത്തുന്ന സർക്കാരിന്റെ ഔദ്യോഗിക സംവിധാനമാണ് അഗ്നിരക്ഷാ സേന. കേരളത്തിലെ 14 ജില്ലകളിലും സേനാംഗങ്ങൾ രക്ഷാപ്രവർത്തനത്തിൽ പങ്കാളിയായി. സൈന്യവും ദേശീയ ദുരന്ത പ്രതികരണ സേനയും രക്ഷാപ്രവർത്തനത്തിനെത്തുനതിന്

**മുമ്പേതന്നെ പ്രളയരക്ഷാ ദൗത്യമാരംഭിച്ച അഗ്നിരക്ഷാ സേന ഒരു ലക്ഷത്തിഇരുപതിനാലായിരം ആൾക്കാരെയാണ് രക്ഷപ്പെടുത്തിയത്. രണ്ടായിരത്തോളം പേരാണ് രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായത്.വിയ്യൂരിലെ പരിശീലന കേന്ദ്രത്തിൽ പരിശീലനത്തിലായിരുന്ന നാനൂറോളം പേരും രക്ഷാപ്രവർത്തനത്തിനായി നിയോഗിക്കപ്പെട്ടു. മോട്ടോർ ഘടിപ്പിച്ച റബർ ഡിങ്കികളുപയോഗിച്ചാണ് സേനാംഗങ്ങൾ പ്രധാനമായും രക്ഷാവർത്തനം നടത്തിയത്. കേരളത്തിലെ കൂടാതെ തമിഴ്നാട്, ഒഡീഷ എന്നിവിടങ്ങളിലെ ഫയർഫോഴ്സും രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്തു.**

- **_<u>സൈന്യം:</u>കേരളത്തിലുടനീളം വിവിധ സേനാവിഭാഗങ്ങളുടെ സൈനികർ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടു, തിരുവനന്തപുരത്തെ നാവിക വിമാനത്താവളവും,കൊച്ചിയിലെ വിമാനത്താവളങ്ങൾ രക്ഷാപ്രവർത്തനത്തിനായി തുറന്നുകൊടുത്തു. തീരസംരക്ഷണസേനയുടെ 42 ടീമുകൾ, 2 ഹെലികോപ്റ്ററുകൾ, 2 കപ്പലുകൾ എന്നിവ രക്ഷാപ്രവർത്തനത്തിലേർപ്പെട്ടു.**

- **<u>വ്യോമസേന(ഓപ്പറേഷൻ കരുണ)</u>:ഓപ്പറേഷൻ കരുണ എന്ന് പേരിട്ട കേരളത്തിലെ പ്രളയരക്ഷാദൗത്യത്തിൽ പ്രളയത്തിൽ കുടുങ്ങിയവരെ രക്ഷിക്കാൻ വ്യോമസേനയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങളുണ്ടായി. നിരവധി ഹെലികോപ്റ്ററുകളാണ് വ്യോമസേന വിന്യസിച്ചത്. വ്യോമസേനയുടെ 10 എംഐ-17,വി5 ഹെലികോപ്റ്റുകൾ,10 ലൈറ്റ് ഹെലികോപ്റ്ററുകളും,3 ചേതക് / ചീറ്റ ഹെലികോപ്റ്ററുമാണ് രക്ഷാദൗത്യത്തിനിറങ്ങിയത്. വ്യോമസേന സേനയുടെ 500 മോട്ടർബോട്ട്,90 ചെറുവിമാനങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി.പാലക്കാട് ജില്ലയിലെ ദേശീയ പാതയിൽ പ്രളയത്തിൽ ഒലിച്ചുപോയ പാലം എഞ്ചിനീയറിംഗ് ടാസ്ക് ഫോർസ് അതിവേഗത്തിൽ പുനസ്ഥാപിക്കുകയും ചെയ്തു**

- **<u>കരസേന ഓപ്പറേഷൻ (സഹായോഗ്):</u>ഓപ്പറേഷൻ സഹയോഗ് എന്ന പേരിൽ കേരള സംസ്ഥാനത്തിന്റെ പല പ്രദേശങ്ങളിലും സൈന്യം നിരവധി രക്ഷപ്രവർത്തനങ്ങളിൽ പങ്കാളിയായി. കരസേന കേരളത്തിലെ പ്രളയബാധിതമായ ഏതാനും ഇടങ്ങളിൽ 13 താൽക്കാലിക പാലങ്ങൾ നിർമ്മിച്ചു.**

- **<u>നാവികസേന (ഓപ്പറേഷൻ മദദ്):</u> ഭാരതീയ നാവികസേനയുടെ കേരള വെള്ളപ്പൊക്ക രക്ഷാസേന ദൗത്യം "ഓപ്പറേഷൻ മദദ് " എന്നാണറിയപ്പെടുന്നത്. ഈ ഹിന്ദി വാക്കിന്റെ അർത്ഥം സഹയമെന്നാണ്. നാവികസേനയുടെ 82 ടീമുകളിലെ ഏകദേശം ആയിരത്തോളം പേർ രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്തു. നാവികസേനയുടെ 38 ഹെലികോപ്റ്ററുകളും മറ്റു നിരവധി വാഹനങ്ങളും കേരളത്തിന്റെ പലയിടങ്ങളിലായി പ്രവർത്തിച്ചിരുന്നു. പ്രളയ ജലത്താൽ വലയം ചെയ്യപ്പെട്ട് അശരണരായി കഴിഞ്ഞ പൂർണ്ണഗർഭിണിയേയും മറ്റൊരു വനിതയേയും നാവികസേന കമാൻറ്റർ വിജയ് വർമ്മയും സംഘവും അതിസാഹസികമായി വീടിനു മുകളിൽ നിന്നും രക്ഷിച്ചിരുന്നു. ദുരിത ബാധിതർക്ക് മരുന്നുകൾ കൂടാതെ 8000 കിലോ ഭക്ഷ്യവസ്തുകളും നാവികസേന എത്തിച്ചുകൊടുത്തിരുന്നു. നാവികസേനയുടെ 92 സംഘത്തിൽ ഈസ്റ്റേൺഎവസ്റ്റേൺ സേനാംഗങ്ങളാണ് പ്രവർത്തിച്ചത്**

- **<u>ദേശീയ ദുരന്ത പ്രതികരണസേന :</u> എൻഡിആർഎഫിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ദൗത്യങ്ങളിലൊന്നാണ് കേരളത്തിൽ നടന്നത്. 24,600 പേരെ ദുരിത ബാധിത പ്രദേശങ്ങളിൽ നിന്ന് ഒഴിപ്പിച്ചു. ഇതിൽ 535 പേരെ മരണമുഖത്തിൽ നിന്നാണ് രക്ഷിക്കാൻ കഴിഞ്ഞത്.119 മൃഗങ്ങളേയും സേന സുരക്ഷിത സ്ഥാനങ്ങളിലേക്കെത്തിച്ചു.**

- <u>**മൽസ്യത്തൊഴിലാളികളുടെ പങ്കാളിത്തം:**</u> **കേരളത്തിലെ രൂക്ഷമായ പ്രളയക്കെടുതിയിൽ നിരവധി ജീവനുകൾ രക്ഷിച്ചത് കൊല്ലം ജില്ലയിലെ വാടിയിലേയും നീണ്ടകരയിലേയും തിരുവനന്തപുരത്തെ വിഴിഞ്ഞം, പൂന്തുറ എന്നിവിടങ്ങളിലേയും മത്സ്യബന്ധന ബോട്ടുകളാണ് രക്ഷാപ്രവർത്തന ദൗത്യത്തിന് പത്തനംത്തിട്ടയിൽ എത്തിച്ചത്. മീൻപിടുത്തത്തിന് ഉപയോഗിക്കുന്ന ചെറുവള്ളങ്ങൾ മുതൽ വലിയ ബോട്ടുകൾ വരെയുള്ളവയാണ് പ്രളയസമയത്ത് മൂന്ന് ദിവസങ്ങളായി രാവും പകലുമില്ലാതെ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്. ഔടിബിപിയുടെയും ആർമിയുടേയും സേനാംഗങ്ങൾ ആവശ്യത്തിനു എത്തിയിരുന്നു എങ്കിലും ഇവർ കൊണ്ടുവന്നവ പരിമിതമായ ബോട്ടുകൊണ്ട് രക്ഷാപ്രവർത്തനം സാധ്യമായിരുന്നില്ല. നീണ്ടകരയിൽനിന്നും തിരുവനന്തപുരത്തുനിന്നും എത്തിച്ച വള്ളങ്ങളും ബോട്ടുകളും രംഗത്തിറങ്ങിയതോടെയാണ് രക്ഷാപ്രവർത്തനം കാര്യക്ഷമമായത്. ഹെലികോപ്റ്റർ ഉപയോഗിച്ച് ഒരേ സമയം 5 പേരെ മാത്രമാണ് മാറ്റമാൻ കഴിഞ്ഞത്. മത്സ്യബന്ധന ബോട്ടുകളിൽ ഒരുസമയം 60 പേരെ വരെ രക്ഷിക്കാൻ കഴിഞ്ഞു. വലിയബോട്ടുകൾക്ക് അച്ചുക്കുവാൻ കഴിയാത്ത സ്ഥലങ്ങളിൽ സ്പീഡ് ബോട്ടുകൾ ഉപയോഗിച്ചാണ് രക്ഷാപ്രവർത്തനം നടത്തിയത്. രക്ഷാപ്രവർത്തനത്തിനായി എത്തിച്ച ഒരു മത്സ്യബന്ധന ബോട്ട് പൂർണമായി തകരുകയും ആറു ബോട്ടുകൾക്ക് ഭാഗീകമായി കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. കേരളത്തിന്റെ രക്ഷാപ്രവർത്തനങ്ങളിൽ വലിയസഹായമാണമത്സ്യതൊഴിലാളികൾ നൽകിയിട്ടുള്ളത്.രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട മത്സ്യതൊഴിലാളികളെ 'കേരളത്തിന്റെ സൗജന്യം' എന്നാണ് മുഖ്യമന്ത്രി വിശേഷിപ്പിച്ചത്.**



വർഷ സതീഷ്

9C

# 2018 ആഗസ്റ്റ് 15

മഹാദുരന്തമായ പ്രളയം ഞങ്ങളുടെ നാടായ പത്തനംതിട്ടയെയും നശിപ്പിച്ചു. ആരും പ്രതിക്ഷിക്കാത്ത ഒരുമഹാപ്രളയമായിരുന്നു അത്. അന്നത്തെ ദിവസം മറക്കാൻ സാധ്യതയില്ലാ. ആരു ഞങ്ങൾക്ക് സംഭവിച്ചില്ല എന്നാലും എന്റെ കുട്ടുകാരികളുടെ വീടുകൾ എല്ലാം മുങ്ങയിരുന്നു എന്ത് ചെയ്യാൻ പറ്റും എന്ന് അറിയാതെ അവർ ഏറെ ബുദ്ധിമുട്ടിയിരുന്നു. അവർക്ക് എല്ലാം നഷ്ടപ്പെട്ടു എന്നാല്ലും അവരുടെയെല്ലാം ജീവൻ രക്ഷിക്കാൻ സാധിച്ചു. ഇതിനെല്ലാം നന്ദി പറയേണ്ടത് മത്സ്യത്തൊഴിലാളികളോടാ ണ്. അവരുടെ ദൃഢനിറ്റും എന്ന് അറിയാതെ അവർ ഏറേ ബുദ്ധിമുട്ടിയിരുന്നു. അവർക്ക് എല്ലാം നഷ്ടപ്പെട്ടു എന്നാല്ലും അവരുടെയെല്ലാം ജീവൻ രക്ഷിക്കാൻ സാധിച്ചു. ഇതിനെല്ലാം നന്ദി പറയേണ്ടത് മത്സ്യത്തൊഴിലാളികളോടാണ്. അവരുടെ ദൃഢനിശ്ചയം, മനോധൈര്യം എന്നിവ ജനങ്ങളെ രക്ഷിച്ചു സമയത്തും പ്രകടമായിരുന്നു.

വെള്ളം കയിറിയപ്പോഴും അവർക്ക് ആശ്വാസമായ് ദുരിതാശ്വാസക്യാമ്പുകളിലെ ചിലയാളുകൾക്ക് അവിടെ കഴിയാനും മടിയായിരുന്നു. ചിലയാളുകൾ പോകുമെന്ന് പറഞ്ഞ് ദുരിതാശ്വാസക്യാമ്പുകളിൽ വരാത്തവർ സ്വന്തം ജീവൻ രക്ഷിക്കാൻ വേണ്ട നെട്ടോട്ടമോടുന്ന വേറെ കുറച്ച് ആളുകൾ, അവർ അപ്പോഴും തന്റെ സമ്പാദ്യങ്ങളെക്കറിച്ചോ മറ്റുകാര്യങ്ങളെക്കുറിച്ചോന്നും ആലോചിക്കാതെ തന്റെ

**കുട്ടികളെ രക്ഷിക്കുന്നു.**

**വെള്ളപ്പൊക്കത്തിൽ സാധനങ്ങൾ നഷ്ടപ്പെട്ടവരുടെയെല്ലാം സാധനങ്ങൾ വീണ്ടും അവർക്ക് കിട്ടി. ഗവൺമെൻ്റിന്റെയും മറ്റും വിദേശരാജ്യങ്ങളുടെയുമെല്ലാം സംഭാവനകൾ ഇവരെകാണാൻ വേണ്ടി വിവിധ സിനിമനടമാരും നടിമാരും വന്നിരുന്നു അവരും നല്ല നല്ല സംഭാവനകൾ നൽകിയരുന്നു. ഞങ്ങളുടെ നാട്ടിൽ ഇത്രയേ വന്നോളളു എന്നാൽ വിവിധ പ്രദേശങ്ങളിൽ എത്രയോ ജനങ്ങൾക്ക് ഇതിലും വലുത് നേരിടേണ്ടി വന്നിരിക്കണം. ഇനിയും ഈ പ്രളയം വരരുതേ എന്നൊരു അപേക്ഷമാത്രമേ ദൈവത്തിനോടുള്ള ഈ അവസ്ഥയും അനുഭവങ്ങളും ഞങ്ങളുടെ ചുറ്റുപാടുമുള്ള കുട്ടികൾക്കും മുതിർന്നവർക്കും വന്ന അനുഭവങ്ങളാണ് ഇനി ഈ വെള്ളപ്പൊക്കം വരല്ലേയെന്ന് പ്രത്ഥിച്ചുക്കൊണ്ട് ഞാൻ എഴുത്ത് നിർത്തുന്നു..**

## നന്ദി



അക്ഷയാപ്രദീപ് 9B

# മഹാപ്രളയം - 2018

**2018 ആഗസ്റ്റ് 15 തീയതി ഉണ്ടായ മഹാപ്രളയം നമ്മുടെ നാടിനെയും ജനങ്ങളെയും വൻ നാശത്തിലാക്കി ഓരോ ജനങ്ങളും കണ്ണീരണിഞ്ഞ നാളുകൾ ആയിരുന്നു . ആ സമയത്ത്വീട്ടുക്കാർ എല്ലാം വീട്ടിന്റെ രണ്ടാം നിലയിലും താമസിച്ചു. കുടിക്കാൻ ഒരു തുള്ളി വെള്ളവും ആഹാരവും ഇല്ലായിരുന്നു .**

**പ്രായമായ മനുഷ്യരും പിഞ്ചു കുഞ്ഞുങ്ങളു മായിരുന്നു . നമ്മുടെ നാട് ഏറെ കഷ്ടത അനുഭവിച്ച മാസം ആയിരുന്നു .പ്രളയം ഉണ്ടായി ഒരു മൂന്നദിവസം 11 മണി അടുപ്പിച്ച് രക്ഷാപ്രവർത്തനത്തിന് നീണ്ടക്കരയിൽ നിന്ന് ബോട്ടുകൾവന്നു . ആ പ്രവർത്തകർ വന്നില്ലായിരുന്നങ്കിൽ നമ്മുടെ നാട്ടിലെ പകുതി ജനങ്ങളുംഈ ഭൂമിയിൽ ഇല്ലാതെ ആകുമായിരുന്നു.അവർ പാതിരാത്രി വരെ രക്ഷാപ്രവർത്തനം നടത്തുന്നുണ്ടായിരുന്നു. ആ മഹാപ്രളയകാലം മറക്കാൻ കഴിയാത്തതായിരുന്നു.**



ദേവിക .ഡി 7B

# പ്രളയാനുഭവം

ഇക്കഴിഞ്ഞ പ്രളയം ഇക്കഴിഞ്ഞ പ്രളയം നമ്മൾക്കാർക്കും ഒരിക്കലും മറക്കാൻ കഴിയില്ലായിരുന്നു അതുപോലെയുള്ളൊരു പ്രളയമായിരുന്നു അത്. പാഠപുസ്തകങ്ങളും നോട്ടുബുക്കുകളും ഒലിച്ചുപോയപ്പോൾ വിതുമ്പുന്ന എത്രയോ കുട്ടികളെ നമ്മൾ കണ്ടു. അതുകൊണ്ട് തന്നെ നമ്മൾ വേണം നമ്മുടെ കേരളത്തെ വീണ്ടും നന്നാക്കാൻ. അതിനായി നമ്മൾ ഒന്നിച്ച് പ്രയത്നിക്കാം. പലരുടെയും മനസ്സിൽ ഇപ്പോഴും ഈ വെള്ളപ്പൊക്കം ഒരു പേടി സ്വപ്നമായി നിലനിൽക്കുന്നു. സ്വത്തുവകകളും, മറ്റു സാധനങ്ങളും നഷ്ടപ്പെട്ട എത്രയോ കുടുംബങ്ങളെ നമ്മൾ ഇന്നും ഓർക്കുന്നു പിന്നെ നമ്മുടെ ഇക്കഴിഞ്ഞ പ്രളയത്തിൽ പണക്കാരോ പാവപ്പെട്ടവരോ എന്ന ഒരു വ്യത്യാസവും ഇല്ലായിരുന്നു. അതുകൂടിയാണ് ഈ പ്രളയം നമ്മെ ഓർമ്മപ്പെടുത്തിയത് എന്ന് നമ്മൾ മനസ്സിലാക്കണം അതുകൊണ്ടുതന്നെ എനിക്ക് ഒന്നേ നിങ്ങളെ ഓർമ്മപ്പെടുത്താനുള്ളു. അത് മറ്റൊന്നുമല്ല ഇതാണ് ഇനി നമ്മൾ നമ്മുടെ പ്രകൃതിയെ ദ്രോഹിച്ച് ഒരു പ്രളയം കൂടി വരുത്തിവക്കരുത്. അതുകൊണ്ടു തന്നെ നമ്മൾ നമ്മുടെ പ്രകൃതിയെ ദ്രോഹിക്കാതെ നമ്മളാൽ കഴിയുന്ന നന്മകൾ ചെയ്ത് നമ്മുടെ പ്രകൃതിയെ സംരക്ഷിച്ചു ജീവിക്കണം



പ്രണവ് പി 9 B

# പ്രളയക്കാല അനുഭവങ്ങൾ- 2018

നമ്മുടെ കേരളത്തിൽ നമ്മൾ ഈ കൊല്ലം അനുഭവിച്ച ദുരിതങ്ങൾ. വളരെയധികം,ഈ വർഷം ഓഗസ്റ്റ് മാസം 15-ാം തീയതി അന്ന് സ്വാതന്ത്ര്യദിനമായിരുന്നു ആർക്കും വിശ്വസിക്കാൻ കഴിയാൻപറ്റാത്ത ദുരിതമായിരുന്നു പ്രളയത്തിന്റെ ആ നാളുകൾ. അത് ഓർക്കുമ്പോൾ വളരെയധികം വിഷമം തോന്നുന്നു. ഞാൻ ടിവിയിലും, പത്രത്തിലും ഒക്കെ ഈ ദുരിതം കണ്ടുള്ളൂ. പക്ഷെങ്കിൽ ഇത് വന്നപ്പൊളാണ് ഞാൻ അറിയുന്നത് ഇത് എത്രമാത്രം സഹിക്കുവാൻ പറ്റാത്തതാണെന്ന്. എന്റെ വീട്ടിൽ വെള്ളം കയറി അപ്പോൾ ഞാൻ ഓർക്കുന്നത്.എന്റെ ചെറുപ്പത്തിലെ ഞാനിദുരിതം അനുഭവിക്കുന്നു എന്നാണ് പക്ഷെങ്കിൽ ദൈവം ഞങ്ങളെ രക്ഷിച്ചു.അതാണ് ഏറ്റവും വലിയ കാര്യം.എനിക്ക് വളരെയധികം പേടിയായിരുന്നു ഞാൻ മുങ്ങുമെന്ന് പക്ഷേ ദൈവം എന്നോടുകൂടെയുണ്ടായിരുന്നു. ഞങ്ങളുടെ മിക്കസാധനങ്ങളും കേടായിരുന്നു. അതോക്കെ നന്നാക്കിയെടുത്തു. തികച്ചും വേറിട്ട അനുഭവമായിരുന്നു. ഇങ്ങനെ മഹാപ്രളയത്തിന് ഈ കേരളക്കാർ ദുരിതമനുഭവിച്ചു. പക്ഷേ ഇപ്പോഴും നാം അതിൽ നിന്ന് മോചനം നേടിയിട്ടില്ല.പക്ഷെ ഇനിയും ഇതുപോലെ ദുരിതം വന്നാൽ നമ്മൾ ഒന്നിച്ച് നേരിടാം.



സാന്ദ്ര സാറാ ബോബി

7A

# ഞാൻ അനുഭവിച്ച പ്രളയ ദുരിതം

വെള്ളം കേയറി വരുന്നത് അറിഞ്ഞത് 15 തിയതി പുലർച്ചേ 4-ന് ടി. വി ഓൺ ചെയ്ത് വാർത്തവയിച്ചു. വാർത്തയിൽ എഴുതിക്കാണിച്ചു ഡാമ് തുറന്നു വിട്ടു . വീട്ടിൽ വെള്ളം കേറാൻ സാധ്യത ഉണ്ട് എന്നൊക്കെ ഞങ്ങടെ അടുത്തുള്ളവരെല്ലാം വണ്ടികൾ കൊണ്ടിടാൻ തുടങ്ങി.ഞങ്ങടെ വണ്ടിയുടെ ബാൽറ്ററി ഊരിവെച്ചേക്കുവായിരുന്നു . അതുകൊണ്ട് ഞങ്ങടെ വണ്ടി വീട്ടിൽ തന്നെ ഇരിക്കുവായിരുന്നു. എന്റെ വീട്ടുക്കാരൊക്കെ പറഞ്ഞു വെള്ളം കേറില്ലാന്ന്. ഞങ്ങളോട് രാവിലെ ഒരു 8 മണി ആയപ്പോൾ രണ്ടു പേര് വന്നു പറഞ്ഞു റോഡിൽ വെള്ളം കയറി വന്നത് . ഞങ്ങൾ അവരുടെകൂടെ വെള്ളംകാണാൻ പോയി. കുറെ നേരം അവിടെ നിന്നു. അപ്പോൾ അടുത്തവീട്ടിലെ ഒരു അങ്കിൾ ഫോട്ടോ എടുത്ത് ഫൈസ് ബുക്കിൽ ഇട്ടു . അത് കണ്ട് എന്റെ പപ്പാ വിളിച്ചു എന്നിട്ട് പറഞ്ഞു വീട്ടിൽ കയറി പോകൻ . ആ സമയം പെട്ടന്ന് വെള്ളം കുറച്ചുകൂടി പൊങ്ങി .ഞങ്ങൾ പെട്ടെന്ന് വീട്ടിൽ കയറി . കുറച്ച് സാധനം മൊക്കെ അലമാരിടെ മുകളിൽ എടുത്തു വച്ചു . വെള്ളം ഞങ്ങടെ അവിടെ വരെ ആയപ്പോൾ ഞങ്ങൾ അടുത്തുള്ള ഒരു വീട്ടിലേക്ക് പോയി . ഞങ്ങളെ രക്ഷിക്കാൻ ആരും വന്നില്ല . ഞങ്ങൾക്ക് കഴിക്കുവാൻ ഒന്നും ഇല്ലയിരുന്നു . പിന്നെ കുരെ നേരം കഴിഞ്ഞ ആളുകൾ വന്നു .



അപർണ്ണ സന്തോഷ്
*9C*

# വരവ്    (കവിത)

**ഓർക്കാപ്പുറത്തു കൊള്ളുന്ന മഴ**

**പോലെയാണ് ചിരുടെ വരവ്**

**നമ്മെ ഒന്നാകെ നനച്ചിട്ടും**

**ആഴത്തിൽ മണ്ണിലേക്ക് വേര്**

**ഇറങ്ങി പോകാനായി**

**കുതിർന്ന് കിടക്കും ചുറ്റിലും**

**കാറ്റും മഴയും വന്നു പോകും**

**എത്ര മുറിച്ചു മാറ്റിയാലും**

**ആദ്യത്തെ മഴയുടെ നനവിൽ**

**മുളച്ച ഓർമ്മകൾ**

**മണ്ണിനടിയിൽ കിടക്കും**

**നേരിയ വിങ്ങലോടെ**

**ധ്യാനത്തോടെ**

**മറ്റാർക്കും കാണാനാവാതെ**

**അനുഭവിക്കാനാവാതെ**



ആശിഷ് ജി ഷാജി

9 B

# കവിത

രാവുപുലരുമ്പോൾ ഭൂമിയും പുഴയായി
ചിതറുന്ന മർത്യനും പലദിക്കിലായ്
മരണം മുഖാമുഖം കാണുന്ന മാത്രയിൽ
അറിയാതെ മക്കളെ വേർപെട്ടുപോയ്

ഉടുതുണിമാത്രമായ് കീയിലേക്കെത്തിയ
മർത്യന്റെ നെഞ്ചകം നീറിടുന്നു
ജന്മം തന്നവർ ജന്മം കൊടുത്തവർ
എവിടെയാണെന്നറിയാതെ തേങ്ങി...

കുത്തയൊഴുകുന്ന മഴവെള്ള പാച്ചലിൽ
ഉയരുന്നു മർത്യന്റെ നിലവിളിയും
പ്രാണനുവേണ്ടി പിടയുന്ന നേരത്ത്
ഉയരുന്നു പ്രളയത്തിൽ പലകൈകളും

അതിജീവനം

**പ്രാണനായ് പിടയുന്ന നേരത്തു മർത്യന്റെ**

**രക്ഷകരായ് വന്ന ധീരപുത്രർ**

**തൻപ്രാണൻ നോക്കാതെ ഉറക്കവുമില്ലാതെ**

**രാവും പകലുമവർ കാവലായി**

**പേകുനോവോടെ പിടയുന്ന പെൺമണി**

**വനിൽ ഉയർന്നവൾ തുങ്ങിയാടി....**

**സാഹസം കാട്ടിയ ധീരജവാനെ നാം**

**എന്നുമോർത്തിടണം നന്നിയോടെ**

**ആരും വിളിക്കാതെ ഓടിവന്നെത്തിയ**

**കടലിന്റെ മക്കളെ നമിച്ചിടുന്നു**

**നമ്മ നിറഞ്ഞൊരാ കടലിൻപുത്രന്റെ**

**സ്വന്തം ശരിരം ചവിട്ടുപടിയായ്..........**

**ഒറ്റയാക്കപ്പെട്ട കടലിന്റെ മക്കളിൽ**

**ഇത്രയും നന്മയുണ്ടായിരുന്നോ....**

**ഇതുവരെ കാണാത്ത ഇതുവരെയറിയാത്ത**

**സോദരർക്കായവർ പൊരുതിനിന്നു...**

**കാലവർഷത്തിൻ കലിയടങ്ങാതെയീ**

**മണ്ണിന്റെ മാറിലാണീതാണ്ടവം**

**എ.എം.എം.എച്ച്.എസ്സ്.എസ്സ്**

**ചോരനീരാക്കിസ്വരുക്കൂട്ടിയതെല്ലാം**

**കലിയോടെ പ്രളയം കവർന്നെടുത്തു...**

**മഹാപ്രളയത്തിന്റെ ഭീകര ദൃശ്യങ്ങൾ**

**കരളിന്റെയുള്ളിൽ പതിഞ്ഞുപൊയീ...**

**നിദ്രയിൽ പോലും ഞെട്ടിയുണരുന്നു**

**ഹൃദയം തകർത്തൊരാ...ഓർമ്മകളിൽ**

**അന്നത്തിൽ വിലയറിയാതെ ജീവിച്ചവർ**

**പലരും വിഷപ്പാൽ കരഞ്ഞുപോഴി**

**ഭക്ഷണപൊതിയുമായ് രക്ഷകർഎത്തുന്ന**

**നേരം നോക്കിയിരുന്നുപോയി....**

**എല്ലാം തകർത്തെറിഞ്ഞാടിത്തിമിർത്തൊരാ**

**കാലവർഷത്തിൻ കലിയടങ്ങി**

**ഇന്ന് ശാന്തമായ് ഒഴുകുന്ന പമ്പയും പെരിയാറും**

**അറിയുന്നുവോയീ വേദനകൾ**

**മനുജന്റെ പാപങ്ങൾ താങ്ങുവാനാകാതെ**

**പ്രകൃതിയുടെ കണ്ണുനീരായിരിക്കാം....**

**കാലവർഷം ബാക്കിവച്ചൊരാ... മൺകൂന**

**എ.എം.എം.എച്ച്.എസ്സ്.എസ്സ്**

**ചെളിയാക്കിയെറിയുന്ന രാഷ്ട്രീയക്കാർ**

**ഇനിയെന്തുവേണമെന്നറിയാതെ കുഴയുന്ന**

**പുനർജന്മം കൊണ്ടൊരീ കേരളത്തിൽ**

**ശാന്തമായ് ഒരുരാവുറങ്ങുവാനാകുമൊ**

**അറിയില്ല മർത്യനി കേരളത്തിൽ**



സ്നേഹ മോഹൻ

9C

# കേരളം ഇന്ന് അതിജീവനത്തിന്റെ പാതയിൽ

ഇന്ന് കേരളം അതിജീവനത്തിന്റെ പാതയിലാണ്.ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനത്തിൽ നാം കേരളീയരെ കാത്തിരുന്നത് ഒരു മഹാദുരന്തം തന്നെയായിരുന്നു.ഈ മഹാപ്രളയം നമ്മുടെ കൊച്ചുകേരളത്തിനേൽപ്പിച്ച മുറിവുകൾ ഇന്നും ഉണങ്ങിയിട്ടില്ല. ധനികനും,പണ്ഡിതനും, ദരിദ്രനും,പാമരനും എന്ന വ്യത്യാസങ്ങളില്ലാതെ എല്ലാവരെയും ഒരുപോലെയായിരുന്നു ഈ മഹാപ്രളയം ബാധിച്ചത്. ജാതിയോ,മതമോ,വർഗമോ നോക്കാതെ മനുഷ്യൻ എന്ന അടിസ്ഥാനത്തിൽ എല്ലാവരും ഒറ്റക്കെട്ടായി ഒരു പാത്രത്തിൽ കഴിച്ച്, ഒരു പായിൽ കിടന്ന കുറേ നാളുകൾ ഈ പ്രളയത്തിലൂടെ കാണാൻ സാധിച്ചു.

പ്രളയകാരണം ശക്തമായ തെക്കപടിഞ്ഞാറൻ കാലവർഷമാണ് മാത്രമല്ല ശാന്തസമുദ്രത്തിൽ രൂപംകൊണ്ട ന്യൂനമർദവും ശക്തമായ മഴയെ സ്വാധീനിച്ചു എന്നാണ് കാലവസ്ഥനിരീക്ഷണകേന്ദ്രത്തിന്റെ നിഗമനം. നമ്മുടെ കേരളത്തിൽ 10% പ്രദേശങ്ങളും സമുദ്രനിരപ്പിൽ താഴെ സ്ഥിതിചെയ്യുന്നതും, 44 നദികളിൽ മൂന്നെണ്ണം ഒഴികെ അറബിക്കടലിൽ ചേരുന്നതുമാണ്. ശക്തമായ മഴ സമുദ്രനിരപ്പിനു താഴെയുള്ള പ്രദേശങ്ങളിൽ വെള്ളപ്പൊക്കവും മലയോരപ്രദേശങ്ങളിൽ ഉരുൾപൊട്ടലും സൃഷ്ടിച്ചു. ശക്തമായ മഴയെത്തുടർന്ന് ചരിത്രത്തിലാദ്യമായി കേരളത്തിലെ 34-ഓളം അണക്കെട്ടുകളും ഇടുക്കിഡാമിലെ 4 ഷട്ടറുകളും തുറന്നു.

ഇതുമൂലം ചെറുതോണി പ്രദേശം മുങ്ങി. വയനാട്ടിലെ ചുരം ഇടിഞ്ഞു. ഗതാഗതവാർത്താവിനിമയം തടസ്സപ്പെട്ടു. 10 ലക്ഷത്തിലധികം ജനങ്ങളെ മാറ്റിപ്പാർപ്പിക്കുകയും 330-ൽപ്പരം ജനങ്ങൾ മരണത്തിനിരയാകുകയും ചെയ്തു. ഏറെ സവിശേഷതകളുള്ള നമ്മുടെ കൊച്ചു കേരളത്തിനെ ഈ മഹാപ്രളയം വളരെ ദോഷമായി ബാധിച്ചു.

പ്രളയകാരണം തെക്കുപടിഞ്ഞാറൻ കാലവർഷമാണെങ്കിലും അതിനൊക്കെ അപ്പുറം നാം പ്രകൃതിയോട് ചെയ്ത ക്രൂരതയുടെ തിരിച്ചടികൂടിയാണ് ഈ മഹാപ്രളയം. മരങ്ങൾ വെട്ടിനശിപ്പിച്ചും, മലകൾ ഇടിച്ചുനികത്തിയും, ജീവജാലങ്ങളുടെ

ആവാസവ്യവസ്ഥ നശിപ്പിച്ചും മനുഷ്യർ പ്രകൃതിയ്ക്ക് മേൽ താണ്ഡവമാടുകയാണ്. പുഴകൾ ഇന്ന് വറ്റിവരണ്ട് മരിച്ചുകൊണ്ടിരിക്കുന്നു. വിദേശികളുടെ 'പറുദീസ' , 'ദൈവത്തിന്റെ സ്വന്തം നാട് ' എന്നിങ്ങനെയൊക്കെ വിശേഷണങ്ങളുള്ള കേരളം ഇന്ന് മനുഷ്യന്റെ പൈശാചികപ്രവർത്തികൾക്ക് ഇരയായിക്കൊണ്ടിരിക്കുകയാണ്. ഇന്ന് കേരളത്തിന്റെ ഏത് മുക്കിലും മൂലയിലും പ്ലാസ്റ്റിക് വലിയതോതിൽ നമുക്ക് കാണാം. പ്ലാസ്റ്റിക്കുപയോഗിക്കാത്ത ഒരു ദിവസത്തേക്കുറിച്ച് നമുക്ക് ചിന്തിക്കാൻകൂടി കഴിയില്ല.

പ്ലാസ്റ്റിക്ക് കത്തിക്കുന്നതുമൂലവും,അത് മണ്ണിൽ നിക്ഷേപിക്കുന്നതുമൂലവും ഒരുപാട് ദൂഷ്യങ്ങളുണ്ട്.മനുഷ്യൻ ഓരോ ദിവസവും പുഴയിലേക്കും,വഴിയോരത്തേക്കും വലിച്ചെറിയുന്ന മാലിന്യങ്ങൾ ഈ പ്രളയത്തിലൂടെ നാമോരോരുത്തരുടെയും വീടുകളിലേക്ക് തിരികെയെത്തിയിട്ടുണ്ട്. ഇതിനേക്കാൾ തീവ്രമാകേണ്ടിയിരുന്ന ഈ പ്രളയത്തിന് ഇത്രയെങ്കിലും തീവ്രതകുറഞ്ഞത് മലയാളികളുടെ രക്ഷാപ്രവർത്തനങ്ങളിലൂടെയാണ്. മത്സ്യബന്ധനത്തൊഴിലാളികൾ, കരസേന, നാവികസേന, വ്യോമസേന എന്നിവരുടെ രണ്ട് രാത്രികളും പകലുമുള്ള രക്ഷാപ്രവർത്തനം പ്രളയത്തിന്റെ തീവ്രതകുറച്ചു. 940-ഓളം ബോട്ടുകൾ

**രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകി മത്സ്യബന്ധനത്തൊഴിലാളികൾ രക്ഷാപ്രവർത്തനത്തിൽ വലിയ പങ്ക് വഹിച്ചു. ക്യാമ്പുകളിൽ അഭയം അർപ്പിച്ച ജനങ്ങൾക്ക് വസ്ത്രവും മറ്റ് അടിസ്ഥാനാവശ്യങ്ങളും ലഭ്യമായിരുന്നു. പ്രളയത്തിന്റെ ഓരോ ഘട്ടവും കേരളസർക്കാർ വിശദമായി പഠിച്ചു. 2000 കോടിരൂപയാണ് ഈ പ്രളയത്തിൽ നമ്മുടെ കൊച്ചുകേരളത്തിന് നഷ്ടമായിരിക്കുന്നത്.**

**പ്രളയം ബാക്കിവച്ച നമ്മുടെ കൊച്ചുകേരളം ഇന്ന് പ്രത്യാശയുടെ പാതതേടുന്നു. 'നവകേരളം' എന്ന ഭാഗ്യക്കുറി ഇതിനോടകം ജനങ്ങളിൽ ലഭ്യമായിത്തുടങ്ങി.ദുരന്തബാധിതർക്ക് താങ്ങായി അനേകം സംഘടനകളും മറ്റും വിദ്യാർഥികൾക്ക് പഠനോപകരണങ്ങളും നഷ്ടപ്പെട്ട സാധനങ്ങളുമൊക്കെ ലഭ്യമായിക്കൊണ്ടിരിക്കുന്നു. പ്രളയത്തിന്ശേഷം ഉടലെടുത്ത രോഗങ്ങളെ പ്രതിരോധിക്കാനും സർക്കാർ വേണ്ടതെല്ലാം ചെയ്യുന്നുണ്ട്. പ്രളയം ബാക്കിവച്ച കൊച്ചുകേരളം ഇന്ന് പ്രത്യാശയുടെ നാളുകളിലാണ്. നമ്മുടെ കൊച്ചുകേരളത്തെ പഴയ പാതയിലേക്ക് മടക്കിക്കൊണ്ടുവരുന്നത് നമ്മുടെ ഓരോരുത്തരുടെയും തുല്യാവകാശമാണ്. അതിനായി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം. നമ്മുടെ കേരളത്തെ പുനസ്ഥാപിക്കണം. നമുക്ക് അതിജീവിക്കാം ഈ അവസ്ഥയെ....**

# അഭിമുഖം



**പ്രളയയാനന്തരനിമിഷത്തിൽ ജീവന്റെ നിലനിൽപ്പിന് താങ്ങായ മുക്കുവന്മാരോട്ടുള്ള ആദരവിന്റെ സൂചകമായി നടത്തിയ അഭിമുഖം.**

**(കുട്ടികൾ) ചോദ്യം:** കേരളത്തെ നടുക്കിയ ഈ മഹാപ്രളയത്തിൽ അകപ്പെട്ട ജനങ്ങൾക്ക് കൈതാങ്ങായലനിങ്ങൾക്ക് ഇതാദ്യ അനുഭവമാണോ?

**(മുക്കുവന്മാർ) ഉത്തരം:** ഇതിനു മുൻപ് ഉണ്ടായ പ്രകൃതി ദുരന്തങ്ങളേക്കാൾ ഭീകരമായി അനുഭവപ്പെട്ടതും കേരള ജനതക്ക് സഹായകമാകാൻ കഴിഞ്ഞതും 2018 ലെ പ്രളയത്തിലാണ്.

**ചോദ്യം :** നിങ്ങളുടെ ജീവൻ പണയപ്പെടുത്തി ഈ സാഹസത്തിലേക്കിറങ്ങാൻ ഭയം

അനുഭവപ്പെട്ടിരുന്ന?

ഉത്തരം : ഞങ്ങൾ മുക്കുവന്മാരുടെ ജീവിതമാർഗ്ഗം തന്നെ കടലാണല്ലോ.നിത്യവും കടൽ കണ്ട് വളർന്ന ഞങ്ങൾക്ക് പ്രളയം ഒരു പേടിസ്വപ്നം ആണെങ്കിലും അത് കോടിക്കണക്കിന് ജനങ്ങളുടെ ജീവനേക്കാൾ വലുതല്ല.

ചോദ്യം : ആഗസ്റ്റ് 15-ാം തീയതി രാത്രിയിൽ തീയോഡീഷ്യസ് അച്ഛന്റെ ഫോൺ വന്നപ്പോൾ നിങ്ങൾക്കുണ്ടായ വികാരങ്ങൾ എന്തെലാമാണെന്ന് ഞങ്ങളുമായി പങ്കുവയ്ക്കാമോ?

ഉത്തരം : ആ നിമിഷത്തിൽ അങ്ങനെയൊരു ഫോൺവിളി പ്രതീക്ഷിച്ചതേയില്ല .ഞങ്ങൾ അപ്പോൾ സമീപത്തുള്ള വള്ളക്കാരെയെല്ലാം കണ്ട് വിവരം പറഞ്ഞ് രക്ഷാപ്രവർത്തനത്തിന് തയ്യാറാവാൻ പറഞ്ഞു ഞങ്ങൾ ഏകദേശം 20 ഓളം വള്ളക്കാർ. അങ്ങനെ 4 കാറും വിട്ടുതന്നു.

ചോദ്യം : യാത്രയിൽ നേരിടേണ്ടി വന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാമായിരുന്നു?

ഉത്തരം : ഞങ്ങളുടെ യാത്ര വളരെ തടസ്സങ്ങൾ ഏറിയതായിരുന്നു പന്തളത്തെത്തിയപ്പോൾ വണ്ടിയുമായി

മുന്നോട്ടുപോകാൻ മനസ്സൊന്നു പിടഞ്ഞു അത്രയ്ക്ക്
കുത്തൊഴുക്കായിരുന്നു .

ചോദ്യം : എങ്ങനെ നിങ്ങൾ ആ കുത്തൊഴുക്കിനെ അതിജീവിച്ചു?

ഉത്തരം : രണ്ടും കല്പ്പിച്ചു ഞങ്ങൾ മുന്നോട്ട് നീങ്ങി. പാലത്തിനു നടുവിൽ എത്തിയപ്പോൾ എതിരെ ഒരു വാഹനം വന്നു വണ്ടി നിർത്താനും പറ്റില്ലാ കാരണം വണ്ടിയുടെ സൈലൻസറിൽ വെള്ളം കയറുമെന്ന് ഉറപ്പാണ്. ഏതായാലും ഡ്രൈവറുടെ മിടുക്കു കൊണ്ടാണ് പാലം കടന്നത്.

ചോദ്യം : രക്ഷാപ്രവർത്തന സമയത്ത് ജനങ്ങൾ നിങ്ങളുമായി സഹകരിച്ചോ?

ഉത്തരം : പലർക്കും വള്ളത്തേൽ കയറാൻ പേടിയായിരുന്നു മറ്റു ചിലർ വിസ്സമ്മതം കാണിച്ചു സ്ത്രീകൾക്കാണെങ്കിൽ അവരെ പിടിച്ചു കയറ്റുമ്പോൾ വൈഷമ്യമായിരുന്നു ഏവർക്കും സ്വന്തം കുടുബത്തിനെ രക്ഷിക്കണം എന്ന ചിന്തയായിരുന്നു പക്ഷേ ഓരോജീവനും ഞങ്ങൾ വില കല്പ്പിച്ച് അടുത്തുള്ളവരെ രക്ഷിച്ച് അകലെയുളവരെ രക്ഷിക്കാൻ തുടങ്ങി

ചോദ്യം : ആറന്മുളയിലെ പള്ളിയുടെ അടുത്തുള്ള ആളുകൾക്ക് സുരക്ഷ ഉറപ്പാക്കിയ ശേഷം അടുത്ത നീക്കം

എന്തായിരുന്നു?

ഉത്തരം : ആറന്മുളയിലെ പള്ളിയുടെ മുന്നിൽ എത്തിയപ്പോൾ അവിടുത്തെ അച്ഛനും എം.എൽ.എ ആയ വീണാ ജോർജ്ജും ഞങ്ങളെ സഹായിക്കാനായി ഫണ്ട് സ്വരൂപിച്ച ഞങ്ങക്ക നൽകി അത് ഞങ്ങളോടുള്ള അവരുടെ ആദരവിന്റെ സൂചനയായി ഞങ്ങൾക്ക് തോന്നി

ചോദ്യം : ആ ഫണ്ട് നിങ്ങൾക്ക് ഉപകാരമായോ?

ഉത്തരം : ആറന്മുള നിവാസികൾ ഫണ്ട് നൽകിയപ്പോൾ

ഞങ്ങൾക്ക് വളരെയധികം സന്തോഷമായി ...പക്ഷെ ഈ ദുരിതം അനുഭവിച്ചവർക്കായുള്ള ദുരിതാശ്വാസ നിധിയിൽ ഞങ്ങളത് നിക്ഷേപിച്ചു

ചോദ്യം : ജീവൻ പണയപ്പെടുത്തിയുള്ള പോരാട്ടം വിജയകരമായി അവസാനിച്ചപ്പോൾ നിങ്ങൾക്ക് എന്തനുഭ വമാണുണ്ടായത്?

ഉത്തരം : ഇത്രയൊക്കെ നമ്മുടെ നാടിനു വേണ്ടി ചെയ്യാൻ കഴിഞ്ഞല്ലോഎന്നോർക്കുമ്പോൾ ഏറെ അഭിമാനം തോന്നുന്നു പിന്നീട് ഞങ്ങൾക്ക് നൽകിയ ഈ സ്വീകരണം ഞങ്ങളിൽ ഏറെ സന്തോഷമുളവാക്കി

ചോദ്യം : ഈ രക്ഷാപ്രവർത്തനത്തിൽ വ്യത്യസ്തമായി തോന്നിയ

**അനുഭവം എന്തായിരുന്നു?**

**ഉത്തരം : ഒരു രസകരമായ അനുഭവമുണ്ടയി കടലിലൂടെ വള്ളം തുഴയാൻ സാധിച്ചു .**

**ചോദ്യം : ഈ ഒരു പ്രളയം കഴിഞ്ഞ് കേരള ജനതക്ക് നൽകേണ്ട ഒരു സന്ദേശം എന്താണ് ?**

**ഉത്തരം : ഇനിയെരു ദുരന്തം കൂടി താങ്ങാൻ പ്രകൃതിക്ക് സാധ്യമല്ല. അതിനാൽ ഇനിയും കാലം ഒത്തൊരുമയോടെ സാഹോദര്യത്തോടെ ജീവിക്കാൻ ശ്രമിക്കുക .....**

# പ്രളയ ചിതങ്ങൾ







ഫോട്ടോഗ്രാഫർ;

സഹദ് മോൻ പി എസ്

**8A**



സഹദ് മോൻ പി.എസ്

8A

# അനുഭവക്കുറിപ്പ്

15/08/2018

രാവിലെ 3 മണിക്ക് ഞാൻ വെള്ളം അലയടിച്ച് കെയറുന്നതിന്റെ ശബ്ദം കേട്ട് എഴുന്നേറ്റ ഞാൻ എന്റെ വീട്ടിൽ ഉള്ള എല്ലാവരെയും എഴുന്നേൽപ്പിച്ച എനിക്ക് പേടിയായി ഞങ്ങൾ സാധനങ്ങൾ മുകളിലേക്ക് മാറ്റാൻ തുടങ്ങി

അതിനു ശേഷം ഞാൻ ഉറങ്ങാൻ കിടന്നു എനിക്ക് ഉറക്കം വന്നില്ല ഞാൻ രാവിലെ എന്റെ സമീപ പ്രേദശങ്ങളായ കുറിച്ചിമുട്ടം എഴിക്കട് എന്നിവിടങ്ങളിൽ പോയി നോക്കി എഴിക്കാട് കോളണി ഭാഗീകമായി മുങ്ങി കഴിഞ്ഞിരുന്നു അവർ ഏഴിക്കഡിലെ കമ്മ്യൂണിറ്റി ഹാളിൽ ക്യാമ്പ് ഉണ്ടാക്കി അവിടെ താമസിച്ച പക്ഷെ 1 മണിയോട്ടുകൂടി ആ പ്രേദേശം മുഴുവൻ മുങ്ങാൻ തുടങ്ങി അപ്പോൾ ഞാനും എന്റെ സുഹൃത്തുക്കളും അവിടെ ഉണ്ടായിരുന്നു ഞങ്ങൾ അവരുടെ സാധനങ്ങൾ മാറ്റാൻ സഹായിച്ച അപ്പോൾ എന്റെ കഴുത്തറ്റം വെള്ളം അവിടെ ഉണ്ടായിരുന്നു അതിനുശേഷം ഓരോരോ വാഹനങ്ങളിൽ സാധനങ്ങളും ആളുകളെയും കൊണ്ടുപോകാൻ തുടങ്ങി അവരെ വല്ലന ടി കെ എം ആർ എം സ്കൂളിലെ ക്യാമ്പിൽ എത്തിച്ച

## 16/08/2018


അന്ന് ഞാൻ രാവിലെ 5 മണിക്ക് എഴുന്നേറ്റ അപ്പോൾ ഞങ്ങൾ വെള്ളത്താൽ ച്ചുറ്റപ്പെട്ട കിടക്കുകയായിരുന്നു

അതിനു ശേഷം നേവി യുടെ നേതൃത്തൽ ഫൈബർ ബോട്ടിൽ ഒറ്റപ്പെട്ട കിടക്കുന്ന

**ആളുകളെ രക്ഷിക്കാൻ തുടങ്ങി കുറെ പേരെ രക്ഷിച്ചു അതിനുശേഷം ഒഴുക്കുള്ള സ്ഥലങ്ങളിൽ ബോട്ടിനു പോകാൻ പറ്റില്ല എന്ന് പറഞ്ഞു അതുകൊണ്ടു രക്ഷാ പ്രവർത്തനം നിർത്തിവച്ചു അതിനു ശേഷം ഫിഷിങ് ബോട്ട് കൊണ്ടുവന്നു രക്ഷാ പ്രെവർത്തനം പുനരാരംഭിച്ചു എന്നിട്ടു ആളുകളെ സമീപ ക്യാമ്പുകളായിരുന്ന ടി . കെ. എം . ആർ. എം**

**ഗവ.എസ.എൻ.ഡി.പി.യു.പി. സ്കൂളിലെ ക്യാമ്പുകളിലേക്ക് മാറ്റി ഞാനും എന്റെ സുഹൃത്തുക്കളും ക്യാമ്പുകളിൽ വേണ്ട സഹായങ്ങൾ ചെയ്തു കൊടുത്തു**

**പിന്നെ എനിക്ക് എടുത്തു പറയാനാളുത്തു എന്താണെന്നു വെച്ചാൽ ഞങ്ങളുടെ വീടിന്റെ അടുത്തുള്ള ഒരു രണ്ടുനില കെട്ടിടം ദുരിതാശ്വാസ ക്യാമ്പിനായി തുറന്നു കൊടുത്തു**



സ്റ്റുഡന്റ്എഡിറ്റർ

അച്ചു രാജേഷ് 9B

# കടപ്പാട്

ഈ ഡിജിറ്റൽ മാഗസീൻ യാഥാർത്ഥ്യമാക്കാൻ പ്രയത്നിച്ച എ.എം.എം.എച്ച്.എസ്സ്.സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ, രചനകൾ തന്ന് സഹായിച്ച വിദ്യാർത്ഥികൾ,നേതൃത്വംനൽകിയ ആശടീച്ചർ,ജെബിസാർ.... ഏവർക്കും നന്ദി...നന്ദി....